പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1623 — 21.01.2014 ൽ മറുപടിയ്ക്ക്

**സംസ്ഥാനത്തെ കഴിഞ്ഞ പത്തു വർഷത്തെ കാർഷിക മേഖലാ വളർച്ചാനിരക്ക്**

ചോദ്യം — മറുപടി

ശ്രീ.ഇ.പി.ജയരാജൻ

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കഴിഞ്ഞ പത്തു വർഷത്തെ കാർഷികമേഖലാ വളർച്ചാനിരക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പഠനത്തിൽ (എക്കണോമിക് റിവ്യൂ-2013) കഴിഞ്ഞ 10 വർഷമായി കേരളത്തിന്റെ ആഭ്യന്തര ഉത്പാദനത്തിലേക്കുള്ള (GSDP) കാർഷിക മേഖലയുടെ സംഭാവന പ്രകടമായി കുറഞ്ഞുവരുന്നതായി കാണുന്നു. 1990-91 ൽ 26.9% ഉണ്ടായിരുന്ന വിഹിതം 2011-12 ൽ 9.1% ആയി കുറഞ്ഞു. കഴിഞ്ഞ 5 വർഷത്തെ ആഭ്യന്തര ഉത്പാദനത്തിൽ കാർഷിക മേഖലയുടെ സംഭാവന പട്ടിക താഴെകൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വർഷം | കാർഷികമേഖലയുടെ സംഭാവന |
|---|---|---|
| 1 | 2007-2008 | 13.2 |
| 2 | 2008-2009 | 12.7 |
| 3 | 2009-2010 | 11.5 |
| 4 | 2010-2011 (പ്രൊവിഷണൽ എസ്റ്റിമേറ്റ്) | 10.1 |
| 5 | 2011-2012 (ക്വിക്ക് എസ്റ്റിമേറ്റ്) | 9.1 |

(ബി) കഴിഞ്ഞ പത്തുവർഷങ്ങളിലെ സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക വിളകളുടെ ഉൽപ്പാദനം ഓരോ വർഷവും എത്രയായിരുന്നു;

(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

(സി) ഇക്കാലയളവിൽ പ്രധാന കാർഷിക വിളകളുടെ വിലയുടെ വാർഷിക ശരാശരി എത്രയായിരുന്നു;

(സി) പ്രധാനപ്പെട്ട കാർഷിക വിളകളായ നാളികേരം, കുരുമുളക്, റബ്ബർ, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, ജാതിക്ക, ഏലം, അടക്ക, കാപ്പി മുതലായവയുടെ കഴിഞ്ഞ പത്ത് വർഷത്തെ വാർഷിക ശരാശരി വില വിവരം

സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിൽ നിന്നും ലഭിച്ചിട്ടുള്ളത് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

(ഡി) 2011 മെയ് മാസത്തിൽ റബ്ബർ (ക്വിന്റലിന്), നാളികേരം (100 എണ്ണത്തിന്), കുരുമുളക്, ഏലം, അടയ്ക്ക, കശുവണ്ടി(ക്വിന്റലിന്) എന്നിവയുടെ വില എത്രയായിരുന്നു;

(ഡി) 2011 മെയ് മാസത്തിലെ റബ്ബർ, നാളികേരം, കുരുമുളക്, ഏലം, അടക്ക എന്നിവയുടെ വില വിവരം സംസ്ഥാന കാർഷിക വില നിർണ്ണയബോർഡിൽ നിന്നും ലഭിച്ചിട്ടുള്ളത് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

(ഇ) 2014 ജനുവരിയിൽ റബ്ബർ (ക്വിന്റലിന്), നാളികേരം(100 എണ്ണത്തിന്), കുരുമുളക്, ഏലം,അടയ്ക്ക, കശുവണ്ടി (ക്വിന്റലിന്) എന്നിവയുടെ വില എത്രയാണ്; വ്യക്തമാക്കമോ?

(ഇ) 2014 ജനുവരി മാസത്തിലെ റബ്ബർ, നാളികേരം, കുരുമുളക്, ഏലം, അടക്ക എന്നിവയുടെ വില വിവരം സംസ്ഥാന കാർഷിക വില നിർണ്ണയബോർഡിൽ നിന്നും ലഭിച്ചിട്ടുള്ളത് അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1624 — 21/01/2014-ൽ മറുപടിയ്ക്ക്

## കൃഷിവകുപ്പിന് അനുവദിച്ച ബജറ്റ് വിഹിതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. മാത്യു റ്റി. തോമസ്<br>,, സി. കെ. നാണു<br>,, ജോസ് തെറ്റയിൽ | **ശ്രീ . കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിന് ബജറ്റിൽ അനുവദിച്ച് തുക ചെലവാക്കുന്നതിൽ വീഴ്ച വന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സർക്കാരിന്റെ അനുമതി ലഭിച്ച പദ്ധതി തുക പരമാവധി ചെലവഴിച്ചിട്ടുണ്ട്. |
| ബി) 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് വിഹിതം എത്രയായിരുന്നു; ഇതിൽ എത്ര രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ; | ബി) **2011-2012**<br>ബജറ്റ് വിഹിതം - 52090.64 ലക്ഷം രൂപ<br>ചെലവഴിച്ച തുക - 46915.78 ലക്ഷം രൂപ<br>ശതമാനം - 90.07%<br>**2012-2013**<br>ബജറ്റ് വിഹിതം - 70938.95 ലക്ഷം രൂപ<br>ചെലവഴിച്ച തുക - 66128.18 ലക്ഷം രൂപ<br>ശതമാനം - 93.22% |
| സി) കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികൾക്കായി കൃഷി വകുപ്പിന് ലഭിച്ച തുക എത്ര; ഇതിൽ എത്ര തുക ചെലവഴിച്ചു; മുഴുവൻ തുകയും ചെലവഴിച്ചില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ? | സി) **2011-2012**<br>കേന്ദ്രസഹായം - 2360.5 ലക്ഷം രൂപ<br>ചെലവഴിച്ച തുക - 1588.08 ലക്ഷം രൂപ<br>ശതമാനം - 67.13%<br>**2012-2013**<br>കേന്ദ്രസഹായം - 2255.0 ലക്ഷം രൂപ<br>ചെലവഴിച്ച തുക - 1920.0 ലക്ഷം രൂപ<br>ശതമാനം - 85.14 %<br><br>പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കുവാനുള്ള കാലതാമസം, പദ്ധതി ഘടകങ്ങൾ സംസ്ഥാനത്തിന് അനുയോജ്യമല്ലാത്തതും അവ മാറ്റി നടപ്പാക്കുന്നതിനുള്ള അനുമതി ലഭിക്കുവാനുള്ള കാലതാമസം എന്നിവയാണ് തുക മുഴുവൻ ചെലവഴിക്കാൻ സാധിക്കാതെ വന്നതിന് കാരണം. |

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1625 | 21.01.2014 ൽ മറുപടിയ്ക്ക്

## കാർഷികമേഖലയിലെ പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.പി.വിൻസെന്റ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| കാർഷിക മേഖലയിലെ പ്രധാന പ്രതിസന്ധികൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | കഴിഞ്ഞ രണ്ട് വർഷത്തെ സുവ്യക്തവും ദിശാബോധവുമുള്ള പ്രവർത്തനത്തിന്റെ ഫലമായി കാർഷിക മേഖലയിലെ പ്രതിസന്ധികൾ ഓരോന്നിനും പരിഹാര നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കൃഷിയ്ക്ക് ആവശ്യമായ ഉല്പാദനോപാധികൾക്ക് ധനസഹായം വർദ്ധിപ്പിച്ചു. കൃഷിയിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സഹായങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചു. കൃഷിനാശം സംഭവിക്കുന്ന കർഷകർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കി വരുന്നു.<br><br>തെരഞ്ഞെടുത്ത വിപണികൾ മുഖേന കാർഷിക ഉല്പന്നങ്ങൾക്ക് സംഭരണവും, ന്യായമായ വിലയും ഉറപ്പാക്കി. ഉയർന്ന വിലയ്ക്ക് നെൽ, പച്ചത്തേങ്ങ സംഭരണം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.<br><br>രാസവളങ്ങളുടെ വില വർദ്ധനവിൽ നിന്നും ആശ്വാസം നൽകുന്നതിലേക്കായി നെല്ല്, വാഴ എന്നീ വിളകൾക്ക് കൂടുതൽ ആനുകൂല്യം നൽകുന്നതു കൂടാതെ നികുതിയിളവും പ്രഖ്യാപിച്ചു.<br><br>കുറഞ്ഞ പലിശയ്ക്ക് കാർഷിക വായ്പാ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സഹകരണ വകുപ്പിലും സ്വീകരിച്ചു വരുന്നു.<br><br>കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കി കാർഷിക സബ്സിഡികൾ ബാങ്ക് വഴി കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ 'നിറവ്', പച്ചക്കറി കൃഷി പദ്ധതി, അഗ്രോ സർവ്വീസ് സെന്റർ, ഹൈ-ടെക് കൃഷി, തരിശുരഹിത പഞ്ചായത്ത് പദ്ധതി, കാർഷിക കർമ്മസേന, ആത്മ, ലീഡ്സ് എന്നീ വിജ്ഞാന വ്യാപന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാന പ്ലാനിംഗ് ബോർഡുമായി ചേർന്ന് നൂതന പദ്ധതികളായ മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ, ബയോപാർക്കുകൾ, ഇൻകം സപ്പോർട്ട് പദ്ധതി, വിള ആരോഗ്യ പരിപാലനം, കാലാവസ്ഥാ ഇൻഷ്വറൻസ് പദ്ധതി, കാർഷിക യന്ത്രവത്ക്കരണം, കുട്ടനാട് ഹെറിറ്റേജ് പദ്ധതി എന്നിവയും ഈ വർഷം നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1626 — 21.01.2014 ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിൽ ആശ്വാസ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ഡോ.കെ.ടി.ജലീൽ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷികമേഖല തകർന്നു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഉല്പാദനവും കർഷകരക്ഷയും ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. കാർഷികമേഖലയിലെ ഉല്പാദന വർദ്ധനവിനും കർഷക രക്ഷയ്ക്കുമായി വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) ഇതിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികളുടെ ഫലം ഗുണഭോക്താക്കളിൽ എത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ചെറുകിട കർഷകരുടെ പലിശബാദ്ധ്യത പൂർണ്ണമായും എഴുതിത്തള്ളിയിട്ടുണ്ടോ; ഈ ഇനത്തിൽ എന്തു തുക ചെലവഴിക്കുകയുണ്ടായി? | (സി) } വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) ചെറുകിട കർഷകർക്കെല്ലാം പലിശരഹിത കാർഷിക വായ്പ ലഭ്യമാക്കുകയുണ്ടായോ; ഇതിനായി കഴിഞ്ഞ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എത്രയായിരുന്നു; ചെലവഴിച്ചതെത്ര; യഥാർത്ഥത്തിൽ എന്തു തുകയാണ് ഇതിനാവശ്യം; വിശദമാക്കുമോ; | (ഡി) |
| (ഇ) കാർഷിക വായ്പ തിരിച്ചടവിൽ റിസ്ക് ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുകയുണ്ടായോ; ഇതിനായി ഈ സർക്കാരിന്റെ കാലത്ത് എന്തു തുക ചെലവഴിക്കപ്പെട്ടു; പ്രസ്തുത സ്കീമിനെക്കുറിച്ച് വിശദമാക്കാമോ? | (ഇ) കർഷക വായ്പ തിരിച്ചടവിന് റിസ്ക് ഇൻഷ്വറൻസ് സ്കീം കൃഷി വകുപ്പ് ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1628 | 21.01.2014 ൽ മറുപടിയ്ക്ക്

**കർഷക രജിസ്ട്രേഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീപാലോട് രവി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കർഷക രജിസ്ട്രേഷന് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്തെ എല്ലാ കർഷകരുടേയും, അവരുടെ കൃഷിയെക്കുറിച്ചുമുള്ള സമഗ്രമായ ഒരു ഡേറ്റാബേസ് ഉണ്ടാക്കുക, കർഷക ഡേറ്റാബേസ് പൂർത്തിയാക്കുന്ന മുറയ്ക്ക് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നൽകുകയും ചെയ്യുക എന്നിവയാണ് ഉദ്ദേശിക്കുന്നത്. |
| (സി) രജിസ്റ്റർ ചെയ്ത കർഷകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; | (സി) രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ, വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ പ്രാഥമികമായി തെരഞ്ഞെടുക്കുന്നതിന് സാധിക്കുന്നു. ഇത് മൂലം പരമാവധി കർഷകരെ, കാലതാമസം കൂടാതെ തെരഞ്ഞെടുക്കുന്നതിന് കഴിയും. കൂടാതെ കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് ലഭിക്കുന്നു. കൃഷിയെ സംബന്ധിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, കർഷകർക്ക് കൂടുതൽ പ്രയോജനപ്രദമായ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിന് സഹായിക്കുന്നു. |
| (ഡി) എവിടെയെല്ലാമാണ് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ? | (ഡി) സംസ്ഥാനത്തെ കൃഷിഭവനുകളിലാണ് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.<br>രജിസ്ട്രേഷനുവേണ്ടി കൃഷിഭവനിൽ ലഭ്യമായ അപേക്ഷകളടക്കം കർഷകർ പൂരിപ്പിച്ച് കൃഷിഭവനുകളിൽ നൽകണം. ഇപ്രകാരം ലഭ്യമായ അപേക്ഷകൾ, അക്ഷയ കേന്ദ്രങ്ങളിൽ എത്തിക്കുകയും, അവിടെ വച്ച് അപേക്ഷകളിലെ വിവരങ്ങൾ ഓൺലൈനായി എന്റർ ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

File No. 16.

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1630 — 21.01.2014 ൽ മറുപടിയ്ക്ക്

## സംയോജിത കാർഷിക വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സംയോജിത കാർഷിക വികസന പദ്ധതിയുടെ നടത്തിപ്പിലൂടെ സർക്കാർ കൈവരിക്കാനുദ്ദേശിച്ചിരുന്ന ഭൗതിക നേട്ടങ്ങളെന്തൊക്കെയാണ്; അവ പൂർണ്ണമായും നേടാൻ കഴിഞ്ഞുവോ ; | (എ) 2012-13 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച സംയോജിത കാർഷിക വികസന പദ്ധതിയിലൂടെ നെൽകൃഷി വികസനം, പച്ചക്കറി കൃഷി വികസനം, പയർവർഗ്ഗ, കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം എന്നിവ നടപ്പിലാക്കി. അവയിലൂടെ നെല്ല്, പച്ചക്കറി, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുവാനും തദ്വാരാ കേരളത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനാണ് സർക്കാർ ഉദ്ദേശിച്ചിരുന്നത്. ഉദ്ദേശിച്ച ഭൗതികലക്ഷ്യങ്ങൾ ഏറെക്കുറെ നേടുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) ഉണ്ട്. വിളകളുടെ ഉൽപാദനം സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ പ്രസിദ്ധീകരിക്കുന്നത് ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ആണ്. 2012-13 സാമ്പത്തിക വർഷത്തെ ഉൽപാദനം സംബന്ധിച്ച കണക്കുകൾ നാളിതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.<br>എന്നാൽ കൃഷി ഡിപ്പാർട്ട്മെന്റ് നടത്തുന്ന അവലോകനങ്ങളിൽ വിലയിരുത്തിയ പ്രകാരം പദ്ധതി നടത്തിപ്പിലൂടെ ഉദ്ദേശം 45000 ടൺ നെല്ലും, 1.50 ലക്ഷം ടൺ വിവിധ ഇനം പച്ചക്കറികളും, 400 ടൺ പയർവർഗ്ഗങ്ങളും, 1.25 ലക്ഷം ടൺ വിവിധ ഇനം കിഴങ്ങുവർഗ്ഗങ്ങളും മുൻവർഷത്തേക്കാൾ കൂടുതലായി ഉൽപാദിപ്പിക്കുവാൻ കഴിഞ്ഞു എന്ന് കണക്കാക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എത്ര രൂപ നാളിതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | ഈ പദ്ധതിയുടെ നടത്തിപ്പിനായി നീക്കിവച്ചിരുന്ന 100 കോടി രൂപയിൽ 99.659 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. വിള തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെചേർക്കുന്നു. |

| | വിള | ചെലവഴിച്ച തുക (കോടി രൂപയിൽ) |
|---|---|---|
| 1 | നെല്ല് | 49.080 |
| 2 | പച്ചക്കറി | 49.080 |
| 3 | പയർവർഗ്ഗങ്ങൾ | 0.499 |
| 4 | കിഴങ്ങുവർഗ്ഗങ്ങൾ | 1.000 |
| | **ആകെ** | **99.659** |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

21.01.2014 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1633

## ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വിന്യാസത്തിലൂടെ കാർഷികമേഖലയുടെ മുന്നേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വിന്യാസത്തിലൂടെ കാർഷിക മേഖലയുടെ മുന്നേറ്റം സാദ്ധ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) (ബി) (സി) (ഡി) വിവരം ശേഖരിച്ചു വരുന്നു. |
| (ബി) അനുബന്ധ പദ്ധതികൾക്കായി നാളിതുവരെ ഓരോ ജില്ലയ്ക്കും ചെലവിട്ട തുക പദ്ധതി തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ; | |
| (സി) ഇത്തരം കൃഷിസമ്പ്രദായങ്ങൾ നടപ്പിലാക്കിയതുമൂലം കാർഷികമേഖലയിൽ ഗണ്യമായ മാറ്റം ഉണ്ടായിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | |
| (ഡി) ഇല്ലായെങ്കിൽ അത്തരത്തിലുള്ള ഒരു സമഗ്ര വിലയിരുത്തലിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1634 21/01/2014-ൽ മറുപടിയ്ക്ക്

## ഹൈടെക് കൃഷി

ചോദ്യം
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| എ) ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കാനായി എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 400 ചതുരശ്ര മീറ്റർ മുതൽ 4000 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളീഹൗസ് നിർമ്മിക്കുന്നതിന് ഒരു ചതുരശ്ര മീറ്ററിന് പരമാവധി ചെലവ് കണക്കാക്കിയിട്ടുള്ള 935 രൂപയുടെ 75 ശതമാനമായ 701.25 രൂപ ധനസഹായമായി നൽകുന്നതാണ്. ഇതിൽ 50 ശതമാനം തുകയായ 467.50 രൂപ കേന്ദ്രവിഹിതമായും 25 ശതമാനം തുകയായ 233.75 രൂപ സംസ്ഥാന സർക്കാർ വിഹിതമായുമാണ് ധനസഹായം നൽകുന്നത്.<br><br>കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം മുഖാന്തിരം സംസ്ഥാനത്ത് ഹൈടെക് കൃഷിയുടെ പ്രചരണാർത്ഥം പോളി ഹൗസുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 54 ലക്ഷം രൂപയുടെ ധനസഹായം കൗൺസിലിന് 2012-13 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചിരുന്നു. 500 ചതുരശ്ര മീറ്റർ വീതമുള്ള 12 പോളി ഹൗസുകളുടെ നിർമ്മാണത്തിനാണ് ഈ തുക വിനിയോഗിച്ചത്. പോളിഹൗസുകൾ നിർമ്മിക്കുവാൻ സന്നദ്ധരായ കർഷകർക്ക് 4.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 75 ശതമാനം സബ്സിഡിയായി നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | 2012-13 വർഷത്തിൽ ഹൈടെക് കൃഷിക്ക് സഹായമായി എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | ബി) | സംസ്ഥാനത്ത് ഹൈടെക് കൃഷിയ്ക്കായി 5.07 കോടി രൂപ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന് അനുവദിച്ചിട്ടുണ്ട്.<br>2012-13 സാമ്പത്തിക വർഷത്തിൽ ഹൈടെക് കൃഷിക്കുള്ള ധനസഹായമായി ഒരു കോടി രൂപ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് അനുവദിച്ചിട്ടുണ്ട്. |
| സി) | അക്വാപോണിക്സ് കൃഷി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | സി) | ഇല്ല. |
| ഡി) | ഈ കൃഷിയെ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ഡി) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1637** 21/1/2014 ൽ മറുപടിയ്ക്ക്

# പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. കെ. രാജു | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളാണ് നിലവിലുള്ളത്. |
| (ബി) | പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളിൽ നിന്നും കർഷകന് ലഭ്യമാ കുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ; | (ബി) കാർഷികവിളകളെ ആക്രമിക്കുന്ന കീടങ്ങളുടെ ജൈവികനിയന്ത്രണം ലക്ഷ്യമാക്കി ആരംഭിച്ച ഈ സ്ഥാപനം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തെങ്ങോലപ്പുഴുവിന് എതിരെയുള്ള എതിർപ്രാണികളുടെ ഉല്പാദനവും അവ കർഷകർക്ക് കൃഷി സ്ഥലങ്ങളിൽ സൗജന്യമായി വിതരണം ചെയ്ത് കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം നൽകി തെങ്ങുകൃഷിയെ രക്ഷിക്കുക എന്നീ കാര്യങ്ങളിലാണ്. |
| (സി) | പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം കൊണ്ട് കർഷകർക്ക് പ്രയോജനം ലഭിക്കുന്നുണ്ടോ; | (സി) & (ഡി) പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം കൊണ്ട് കർഷകർക്ക് വളരെയധികം പ്രയോജനം ലഭിക്കുന്നുണ്ട്; ഇപ്പോഴുള്ള പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾക്ക് ആവശ്യമായ അറ്റക്കുറ്റപ്പണി |
| (ഡി) | ഇല്ലെങ്കിൽ ഇതിന്റെ പ്രവർത്തനം ഫലപ്രദവും ഉപയുക്തവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | |

നടത്താനും ജീർണ്ണിച്ചവ പുതിയ കെട്ടിടം നിർമ്മിച്ച് മാറ്റുന്നതിനും ടെക്നിക്കൽ ആഫീസർമാരെ നിയമിച്ച് കൂടുതൽ ഫലപ്രദമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളിൽ താല്ക്കാലിക അടിസ്ഥാനത്തിൽ കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആരാണ് നിയമന അധികാരി എന്ന് വ്യക്തമാക്കുമോ?

(ഇ) സർക്കാർ ഉത്തരവ് ജി.ഒ (ആർ റ്റി) നം.1651/13/എഡി തീയതി, 19/9/2013 ലെ ക്രോപ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതി പ്രകാരം ഒരു പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷന് ഒരു കൃഷി ആഫീസർ എന്ന നിലയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതാത് ജില്ലയിലെ ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർ ആണ് നിയമന അധികാരി.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1640 — 21.01.2014 ലെ മറുപടിയ്ക്ക്

## കർഷക ആത്മഹത്യ തടയുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ഹംസ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ രണ്ട് വർഷമായി കേരളത്തിൽ എത്ര കർഷകർ ആത്മഹത്യ ചെയ്തു; വിശദാംശം നൽകാമോ;<br><br>(ബി) ആത്മഹത്യ ചെയ്ത കർഷകർക്കായി എന്തെല്ലാം ധനസഹായങ്ങളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചത്; | (എ) & (ബി) വിവരം ശേഖരിച്ച് വരുന്നു. |
| (സി) കർഷക ആത്മഹത്യ തടയുന്നതിനായി രൂപീകരിച്ച ഏതെല്ലാം പാക്കേജുകൾ ആണ് നിലവിലുള്ളത്; ഓരോന്നിന്റെയും പുരോഗതിയും, ചെലവഴിച്ച തുകയും വ്യക്തമാക്കാമോ? | (സി) കർഷക ആത്മഹത്യ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ള വയനാട് ജില്ലയിലെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി 2012-2013 സാമ്പത്തിക വർഷം മുതൽ വയനാട് പാക്കേജ് എന്ന പേരിൽ ഒരു സമഗ്രവികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ വിവിധ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1) കുരുമുളക് കൃഷിയുടെ പുനരുദ്ധാരണം<br>2) പച്ചക്കറി കൃഷി അഭിവൃദ്ധിപ്പെടുത്തൽ<br>3) ചെറുകിട ജലസേചന പദ്ധതികൾ<br>4) മണ്ണിന്റെ പരിപോഷണം<br>5) എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമതല കർഷക വിദഗ്ധോപദേശ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ<br>6) കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനങ്ങൾ, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ<br>7) ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് ക്രെഡിറ്റ് റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കൽ<br>8) കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയും വിപണനവും.<br>9) ക്ഷീര വികസനം. |

കൃഷി വകുപ്പിൽ പദ്ധതി നടപ്പാക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ താഴെ പറയുന്നു.

| വർഷം | നീക്കി വച്ച തുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|
| 2012-13 | 2407.50 | 2253.18 |
| 2013-14 | 1900.00 | 1008.70 (2013 ഡിസംബർ വരെ) |

കൂടാതെ, വയനാട് പാക്കേജിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിന് കീഴിൽ നടപ്പാക്കുന്നതിനായി 36.15395 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധനയിലുണ്ട്. പ്രസ്തുത പദ്ധതിയിലെ മുഖ്യഘടകങ്ങൾ താഴെ പറയുന്നതാണ്.

1) കന്നുകുട്ടികളെ ദത്തെടുക്കുന്ന പദ്ധതി
2) ഗർഭിണി കിടാരികളുടെ വിതരണം
3) പൗൾട്രി യൂണിറ്റുകൾ സ്ഥാപിക്കൽ.
4) മാംസോൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആടുകളുടെയും പന്നികളുടെയും ബ്രീഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1642** | **21.01.14 ലെ മറുപടിക്ക്**

**കർഷക കടാശ്വാസ കമ്മീഷന്റെ വിധി പ്രകാരമുള്ള ആശ്വാസധനവിതരണം**

| ചോദ്യം<br>ശ്രീ.എ.പ്രദീപ് കുമാർ | | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
|---|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കർഷക കടാശ്വാസ കമ്മീഷന് ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;<br><br>(ബി) ഇതിൽ തീർപ്പാക്കിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ)<br>&<br>(ബി) | 2006 ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിച്ച കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 20.02.2009 ലെ സ.ഉ.(എംഎസ്.) നം.37/2009/കൃഷി ഉത്തരവ് പ്രകാരം 2009 മെയ് 31 ആയി നിശ്ചയിച്ചിരുന്നു. ആയതിനാൽ പ്രസ്തുത തീയതിക്ക് ശേഷം കമ്മീഷനിൽ അപേക്ഷകൾ സ്വീകരിച്ചിട്ടില്ല.<br>എന്നാൽ, 01.01.12 ലെ ജി.ഒ.(പി.) നം.370/2012/ആർഡി ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ കർഷകരുടെ 31.10.2011 വരെയുള്ള കാർഷിക കടങ്ങൾ കൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നതിനെത്തുടർന്ന് വയനാട് ജില്ലയിൽ നിന്ന് കമ്മീഷനിൽ അപേക്ഷകൾ സ്വീകരിച്ചുവരുന്നു. അതനുസരിച്ച്, നാളിതുവരെ 20,000 അപേക്ഷകൾ കമ്മീഷനിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല. 31.05.2009 ന് മുമ്പ് വയനാട് ജില്ലയിൽ നിന്ന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ബാക്കിയുള്ളവ തീർപ്പാക്കുന്ന മുറയ്ക്ക് ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) തീർപ്പാക്കപ്പെട്ട അപേക്ഷകളിന്മേലുള്ള കടാശ്വാസ ധനവിതരണത്തിൽ കുടിശ്ശികയുണ്ടോ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;<br><br>(ഡി) ഇതിലേക്കായി എന്ത് തുക വേണ്ടി വരും; ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി)<br>&<br>(ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1046 21/01/2014-ൽ മറുപടിയ്ക്ക്

## കർഷകപെൻഷൻ വിതരണം

ചോദ്യം
ശ്രീ. സി.കൃഷ്ണൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) കർഷക പെൻഷൻ ഇനത്തിൽ സംസ്ഥാനത്ത് എത്ര പേർക്ക് ഒന്നാം ഘട്ടത്തിൽ പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

എ) കർഷക പെൻഷൻ ഇനത്തിൽ സംസ്ഥാനത്ത് ഒന്നാം ഘട്ടത്തിൽ 209518 കർഷകർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ജില്ല | കർഷകരുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 8064 |
| 2. | കൊല്ലം | 14307 |
| 3. | പത്തനംതിട്ട | 3834 |
| 4. | ആലപ്പുഴ | 10953 |
| 5. | കോട്ടയം | 17736 |
| 6. | ഇടുക്കി | 9247 |
| 7. | എറണാകുളം | [illegible]572 |
| 8. | തൃശ്ശൂർ | 21911 |
| 9 | പാലക്കാട് | [illegible]963 |
| 10. | മലപ്പുറം | 18775 |
| 11. | കോഴിക്കോട് | 26416 |
| 12. | വയനാട് | 7442 |
| 13. | കണ്ണൂർ | 2[illegible]607 |
| 14. | കാസർഗോഡ് | 9[illegible]88 |
| | **ആകെ** | **209518** |

ബി) രണ്ടാം ഘട്ടത്തിൽ പ്രസ്തുത ഇനത്തിൽ എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

ബി) & സി) രണ്ടാം ഘട്ടത്തിൽ 104461 കർഷകർ കർഷക പെൻഷന് അർഹതയുള്ളവരായി കണ്ടെത്തിയിട്ടുണ്ട്.

- ജില്ലതിരിച്ചുള്ള കണക്ക് ചുവടെ

സി) രണ്ടാം ഘട്ടത്തിൽ പെൻഷൻ അനുവദിച്ച കർഷകർക്ക് പെൻഷൻ ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

ചേർത്തിരിക്കുന്നു.

| ക്രമ നം | ജില്ല | കർഷകരുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 4056 |
| 2. | കൊല്ലം | 8199 |
| 3. | പത്തനംതിട്ട | 7300 |
| 4. | ആലപ്പുഴ | 5432 |
| 5. | കോട്ടയം | 8665 |
| 6. | ഇടുക്കി | 3366 |
| 7. | എറണാകുളം | 6861 |
| 8. | തൃശ്ശൂർ | 8804 |
| 9. | പാലക്കാട് | 2892 |
| 10. | മലപ്പുറം | 10104 |
| 11. | കോഴിക്കോട് | 13252 |
| 12. | വയനാട് | 7047 |
| 13. | കണ്ണൂർ | 13800 |
| 14. | കാസർഗോഡ് | 4683 |
| | **ആകെ** | **104461** |

രണ്ടാം ഘട്ടം പെൻഷൻ നൽകുന്നതിനാവശ്യമായി തുക എസ്.ഡി.ജി മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തുക ലഭിക്കുന്ന മുറയ്ക്ക് പെൻഷൻ നൽകുന്നതാണ്.

ഡി) രണ്ടാം ഘട്ടത്തിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഡി) രണ്ടാം ഘട്ടത്തിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിലെ 1689 കർഷകർക്ക് പെൻഷന് അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇവർക്ക് പെൻഷൻ നൽകുന്നതാണ്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1649 — 21.01.2014 ൽ മറുപടിയ്ക്ക്

# ദേശീയ കാർഷികവിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ.രാജു<br>ശ്രീ.ഇ.എസ്.ബിജിമോൾ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) ദേശീയ കാർഷികവിള ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാനത്തു നിന്നും എത്ര നെൽകർഷകർ അംഗങ്ങളായിട്ടുണ്ട്;

(എ) ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ 2012-13 ഖാരിഫ് സീസണിൽ 3722 നെൽകർഷകരും 2012-13 റാബി സീസണിൽ 18803 നെൽകർഷകരും 2013-14 ഖാരിഫ് സീസണിൽ 4405 നെൽകർഷകരും അംഗങ്ങളായിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൻ കീഴിൽ നെൽകർഷകർ ഒരേക്കറിന് അടച്ചുകൊണ്ടിരുന്ന പ്രീമിയം തുക എത്രയാണ്; ഇത് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ വർദ്ധനവിന് ആധാരമായ വസ്തുതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൻ നെൽകൃഷിക്ക് നിലവിലുള്ള പ്രീമിയം നിരക്ക് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2.5% ഖാരിഫ് സീസണിലും 2% റാബി സീസണിലുമാണ്. ചെറുകിട നാമമാത്ര കർഷകർക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 10% തുല്യമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകുന്നു. ആയതിനാൽ ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2.25 % ഖാരിഫ് സീസണിലും 1.8% റാബി സീസണിലും ചെറുകിട നാമമാത്ര കർഷകർ വഹിക്കേണ്ടതാണ്.

| | | | | |
|---|---|---|---|---|
| ഏക്കറിന് നെൽ കർഷകർ അടയ്ക്കേണ്ട പ്രീമിയം തുക | പരമാവധി ഇൻഷ്വറൻസ് തുക ഏക്കറിന് 13,300 | ഖാരിഫ് സീസൺ | ചെറുകിട നാമമാത്ര കർഷകർ | 299 |
| | | | മറ്റു കർഷകർ | 333 |
| | | റാബി സീസൺ | ചെറുകിട നാമമാത്ര കർഷകർ | 239 |
| | | | മറ്റു കർഷകർ | 266 |

(സി) ഈ ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

(സി) ഏരിയ അപ്രോച്ചനുസരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നെൽകൃഷിക്ക് പഞ്ചായത്തുകൾ അടിസ്ഥാനമാക്കിയുള്ള സോണും വാണിജ്യ ഉദ്യാനവിളകൾക്ക് ബ്ലോക്കുമാണ്. ഈ പദ്ധതി അനുസരിച്ചുള്ള യൂണിറ്റ് ഏരിയ ഇതിലേയ്ക്കായി ഓരോ വിളയ്ക്കും ഓരോ സീസണിലും പ്രഖ്യാപിത

പ്രദേശങ്ങളെ സംസ്ഥാനസർക്കാർ തീരുമാനിക്കുന്നു. ശരാശരി ഉല്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു സീസണിൽ പ്രഖ്യാപിത പ്രദേശത്ത് വിളകളുടെ ഉല്പാദനത്തിലുണ്ടാകുന്ന കുറവും കർഷകർ അവരുടെ വിള ഇൻഷ്വർ ചെയ്ത തുകയും കണക്കിലെടുത്താണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

21.01.2014 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1650

## സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) നടപ്പാക്കിയിട്ടില്ല. എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനോടൊപ്പം കർഷകർക്കുള്ള അപകട ഇൻഷ്വറൻസും കൂടി ചേർത്തുകൊണ്ട് ഒരു സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിക്കുന്നതിന് അബാക്കസ് ലീഗൽ ഗ്രൂപ്പ് & എൽ എം ബി ഇൻഷ്വറൻസ് ബ്രോക്കേഴ്സ് ലിമിറ്റഡ് എന്ന ഏജൻസിയെ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിലേയ്ക്കായി നിയോഗിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ കർഷകരുടെയും സർക്കാരിന്റെയും വിഹിതം എത്രവീതമാണ്; | (ബി) & (സി) ബാധകമല്ല. |
| (സി) പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര കർഷകർ ചേർന്നിട്ടുണ്ട്, വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1651 — 21.01.2014 ൽ മറുപടിയ്ക്ക്

## കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) കാലാവസ്ഥാ ഘടകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ ഓരോ മേഖലയ്ക്കും നിശ്ചയിച്ചിട്ടുള്ള കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനം വിളവിനെ എത്രമാത്രം ബാധിച്ചു എന്ന് കൂടി കണക്കാക്കിയാണ് ഇൻഷ്വറൻസ് സഹായ തുക നിശ്ചയിക്കുന്നത്. അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയാണ് തുക അനുവദിക്കുന്നത്. കാലതാമസം നേരിയ തോതിൽ അനുഭവപ്പെട്ടിട്ടുള്ളത് കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇൻഷ്വറൻസ് സംരക്ഷണം കൂടുതൽ വ്യാപകമാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) കാർഷിക വിളകൾക്കുള്ള ഇൻഷ്വറൻസ് സംരക്ഷണം ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ വിളകൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) 2008-2009 ൽ സംസ്ഥാനത്ത് കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. നെല്ല്, കശുമാവ് എന്നീ വിളകൾക്കാണ് ആദ്യം പദ്ധതി ഏർപ്പെടുത്തിയത്. 2012-13 ഖാരിഫ് സീസണിൽ പാലക്കാട് ജില്ലയിലെ നെൽകൃഷിക്കും, ഇടുക്കി, വയനാട് ജില്ലകളിലെ കുരുമുളകിനുമാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. 2013-14 ഖാരിഫ് സീസണിൽ നെല്ല്, വാഴ, കുരുമുളക്, കരിമ്പ്, മഞ്ഞൾ, ഏലം, തെങ്ങ്, പൈനാപ്പിൾ, കമുക്, ഇഞ്ചി എന്നീ പത്ത് വിളകൾക്കു കൂടി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയുണ്ടായി. 2013-14 റാബി സീസണിൽ നെല്ല്, വാഴ, കരിമ്പ്, കശുമാവ്, മാവ് എന്നീ വിളകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1657 — 21.01.2014 ൽ മറുപടിയ്ക്ക്

## തരിശുഭൂമി വികസനോന്മുഖമാക്കൽ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പബ്ലിക്-പ്രൈവറ്റ്-പഞ്ചായത്ത് പങ്കാളിത്തത്തോടെ സർക്കാർ വക തരിശുഭൂമി വികസനോന്മുഖമാക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) 2011-2012 ലെ ബഡ്ജറ്റിൽ ഭൂവിനിയോഗം എന്ന തലകെട്ടിൽ പ്രഖ്യാപിച്ചിരുന്ന ഒരു ഘടകമാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പബ്ലിക്-പ്രൈവറ്റ്-പഞ്ചായത്ത് പങ്കാളിത്തത്തോട് കൂടി സർക്കാർ വക തരിശു ഭൂമി വികസനോന്മുഖമാക്കൽ, കാലാകാലങ്ങളിൽ റോഡ് വികസനത്തിനും മറ്റ് പൊതു ആവശ്യങ്ങൾക്കുമായി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ മിച്ചം വരുന്നത് ഉപയോഗശൂന്യമായിക്കിടക്കുന്ന പൊതു ഭൂമി കൃത്യമായി തെരഞ്ഞു പിടിച്ച് അളവുകൾ രേഖപ്പെടുത്തിയശേഷം പൊതു ആവശ്യങ്ങൾക്കായി വേണ്ടത് റിസർവ് ചെയ്ത്, ശേഷിക്കുന്ന ഭൂമി പൊതു-സ്വകാര്യ-പഞ്ചായത്ത് സംയുക്ത പങ്കാളിത്തത്തോടെയുള്ള സംരംഭങ്ങൾക്കോ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പാട്ടകൃഷിക്കോ (പച്ചക്കറി കൃഷി, പൂകൃഷി, ഔഷധ കൃഷി മുതലായവ) ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി ഭൂമി കണ്ടെത്തിയാൽ മാത്രമേ കാർഷികപദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത പദ്ധതിപ്രകാരം എത്ര അളവിൽ ഭൂമി പാട്ടക്കൃഷിക്കായി ലഭിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ; | (ബി) ഭൂമി പാട്ടകൃഷിക്കായി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1660 21/1/2014 ൽ മറുപടിയ്ക്ക്

# സ്വാമിനാഥൻ പാക്കേജിൽപ്പെടുത്തി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സ്വാമിനാഥൻ പാക്കേജിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; | (എ) കായംകുളം മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ താഴെ ചേർക്കുന്നു.<br>1. ഓണാട്ടുകര നീർത്തട വികസനത്തിനുള്ള 248.39 കോടി രൂപയുടെ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.<br>2. കൃഷി വകുപ്പിൻകീഴിൽ ഓണാട്ടുകര വികസന ഏജൻസി മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി.<br>• ഒന്നാം വിള നെൽകൃഷി - 12 കോടി രൂപ - 4.10 കോടി ചെലവഴിച്ചു<br>• എള്ളുകൃഷി പ്രോത്സാഹനം - 0.60 കോടി രൂപ - 0.20 കോടി ചെലവഴിച്ചു |

- ഭക്ഷ്യസുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 0.27 കോടി രൂപയുടെ എള്ളുകൃഷി പദ്ധതി നടപ്പിലാക്കി.

3. കൃഷി വകുപ്പും നാളികേരവികസന ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന നാളികേര വികസന പദ്ധതിയിൽ കായംകുളം മണ്ഡലം ഉൾപ്പെടുന്നു.
4. കേരള കാർഷിക സർവ്വകലാശാലയുടെ കായംകുളത്തെ ഗവേഷണ കേന്ദ്രം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി (1.197 കോടി രൂപ) പുരോഗമിക്കുന്നു.
5. 13-ാം ധനകാര്യകമ്മീഷൻ ഫണ്ടിൽ 3.00 കോടി രൂപയുടെ തരിശു നിലനെൽകൃഷിയിൽ കായംകുളം മണ്ഡലം ഉൾപ്പെടുന്നു.
6. 13-ാം ധനകാര്യകമ്മീഷനുകീഴിൽ ഓണാട്ടുകര കാർഷിക ഗവേഷണ കേന്ദ്രം 1.29 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന 13-ാം ധനകാര്യകമ്മീഷൻ ഫണ്ടിനു കീഴിൽ 15.25 കോടി രൂപയുടെ ഒന്നാം ഘട്ടവും 25.2 കോടി രൂപയുടെ രണ്ടാംഘട്ട കുളങ്ങളുടേയും കിണറുകളുടേയും നവീകരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലും കായംകുളം മണ്ഡലം ഉൾപ്പെടുന്നു.

| | | | |
|---|---|---|---|
| (ബി) | ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചെന്നും, ഏതൊക്കെ പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ? | (ബി) | ഇറിഗേഷൻ വകുപ്പിൻ കീഴിൽ ഓണാട്ടുകര നീർത്തട വികസനത്തിനുള്ള 248.39 കോടി രൂപയുടെ പദ്ധതിയുടെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം 1) |

**സെക്ഷൻ ഓഫീസർ.**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1662** 21/1/2014 ൽ മറുപടിയ്ക്ക്

# കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആർ. ബ്ലോക്കിൽ അനുവദിച്ച ഇരുപത്തി മൂന്ന് കിർലോ സ്ക്കർ ഹോറിസോണ്ടൽ സെൻട്രിഫ്യൂഗൽ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ആർ. ബ്ലോക്കിൽ അനുവദിച്ച ഇരുപത്തി മൂന്ന് കിർലോ സ്ക്കർ ഹോറിസോണ്ടൽ സെൻട്രിഫ്യൂഗൽ പമ്പുസെറ്റുകൾ ആർ കെ വി വൈ സ്കീമിലാണ് നൽകിയിട്ടുള്ളത്. പമ്പുസെറ്റുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തി ആർ. ബ്ലോക്ക് കായലിലെ എത്ര ചാലുകളാണ് ആഴം കൂട്ടുന്നതെന്ന് വിശദമാക്കാമോ ; | (ബി) ആർ ബ്ലോക്ക് കായലിലെ 20 ചാലുകളാണ് ആഴം കൂട്ടിയത്. |
| (സി) ബാക്കിവരുന്ന ചാലുകൾ ആർ. കെ. വി വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ആഴം കൂട്ടുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 1663 — 21/1/2014 ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജിന് വേണ്ടി 2012-2013 ലെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചുവെന്നതിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ; | (എ) 2012-13 ലെ ബഡ്ജറ്റിൽ കുട്ടനാട് പാക്കേജിന് വേണ്ടി 4711-01-103-90 എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ആകെ 200 കോടി രൂപ താഴെ കാണിച്ചിരിക്കുന്ന വിധം അനുവദിച്ചിരിക്കുന്നു. |

| | | |
|---|---|---|
| മരാമത്ത് പണികൾ | - | ₹164.7447 കോടി |
| എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് | - | ₹32.9489 കോടി |
| റ്റി & പി ഷെയർ ഡെബിറ്റ് | - | ₹2.3064 കോടി |
| ആകെ | - | **₹200 കോടി** |

ഇതിൽ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾക്കായി ചിലവഴിച്ച് തുക താഴെ ചേർക്കുന്നു.

| സ്കീം | - | തുക (രൂപ) |
|---|---|---|
| കെ.ഇ.എൽ-1 | - | 1,82,87,016 |
| കെ.ഇ.എൽ-2 | - | 28,13,70,280 |
| കെ.ഇ.എൽ-3 | - | 38,02,44,516 |
| ഓണാട്ടുകര | - | 15,00,00,000 |
| മറ്റിനങ്ങൾ | - | 16,91,005 |

| | | |
|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് | - | 16,63,18,563 |
| റ്റി & പി ഷെയർ സ്കീം | - | 1,16,42,299 |
| **ആകെ** | - | **1,00,95,53,679** |

| | | | |
|---|---|---|---|
| (ബി) | ആയതിൽ ബാക്കിയുള്ളതും ചെലവഴിച്ചതുമായ തുകയുടെ കണക്ക് വ്യക്തമാക്കുമോ; | (ബി) | ആയതിൽ കെ.ഇ.എൽ-1, കെ.ഇ.എൽ-2 എന്നീ സ്കീമുകൾക്ക് അനുവദിച്ച തുക മുഴുവനായും 2012-2013 ൽ തന്നെ ചെലവഴിച്ചു. കെ.ഇ.എൽ-3 എന്ന പദ്ധതിക്ക് 178.78 ലക്ഷവും ചെലവഴിച്ചു. ഓണാട്ടുകര സ്കീമിന് അനുവദിച്ച 15 കോടി രൂപയിൽ ഒന്നും ചെലവായിട്ടില്ല. |
| (സി) | 2012-13 ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 50,000 ലക്ഷം രൂപയിൽ എന്തു തുക ചെലവഴിച്ചുവെന്നതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ? | (സി) | 2012-13 ബഡ്ജറ്റിൽ ആകെ 200 കോടി രൂപയാണ് 4711-01-103-90 ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ചിരുന്നത്. ഇതിൽ ₹100.96 കോടി ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1664** — 21/1/2014 ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) കുട്ടനാട് പാക്കേജിലെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തി യാക്കുന്നതിന് 3 കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, കാർഷികോല്പാദന കമ്മീഷണർ എന്നിവർ തലവൻമാരായ ടി കമ്മിറ്റികൾ കൃത്യമായ കാലാവധിക്ക് യോഗം കൂടുകയും പദ്ധതി നടപ്പിലാക്കുന്ന വകുപ്പ് മേധാവികൾക്ക് പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്ക് പുറമേ ബഹു. കൃഷി വകുപ്പ് മന്ത്രി യോഗങ്ങൾ കൂടി പദ്ധതികൾ അവലോകനം നടത്തി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന ഇറിഗേഷൻ വകുപ്പ് |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1667 — 21/1/2014 ൽ മറുപടിയ്ക്ക്

## വിപണി ഇടപെടലിനുവേണ്ടി സബ്സിഡി

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ

**ഉത്തരം**

ശ്രീ. കെ.പി. മോഹനൻ
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) സംസ്ഥാന ഹോർട്ടിക്കൾച്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ, വി. എഫ്. പി. സി. കെ. എന്നീ സ്ഥാപനങ്ങൾ മുഖേന പച്ചക്കറി വില നിയന്ത്രിക്കുന്നതിന് 2011 -12 ,2012 -13, 2013 -14 സാമ്പത്തിക വർഷങ്ങളിൽ വിപണി ഇടപെടലിനു വേണ്ടി എത്ര രൂപ സബ്സിഡി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എ) പച്ചക്കറി വില നിയന്ത്രിക്കുന്നതിന് വിപണി ഇടപെടലിനു വേണ്ടി ഹോർട്ടികോർപ്പ്, വി എഫ് പി സി കെ എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള സബ്സിഡി തുകയുടെ വിവരം താഴെ ചേർത്തിരിക്കുന്നു.

| വർഷം | ഹോർട്ടി കോർപ്പ് | വി എഫ് പി സി കെ |
|---|---|---|
| | സബ്സിഡി തുക(ലക്ഷത്തിൽ ) | |
| 2011-12 | 80.00 | 35.00 |
| 2012-13 | 1133.54 | 560.00 |
| 2013-14 | 1500.00 | - |

(ബി) പ്രസ്തുത കാലയളവുകളിൽ കർഷകരിൽ നിന്നും നേരിട്ട് എത്ര ടൺ പച്ചക്കറി സംഭരിച്ചു എന്നതിന്റെ കണക്ക്, വർഷം തിരിച്ച് ലഭ്യമാക്കുമോ?

(ബി) വിഎഫ്പിസികെ വിപണനം ചെയ്യുന്ന പച്ചക്കറിയുടെ 40 ശതമാനം കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ചിട്ടുള്ളതാണ്. 2011-12 ൽ 619.537 ടണ്ണും 2012-13 ൽ 6499.27 ടണ്ണും 2013-14 ൽ നിറവ് ഓണം -റംസാൻ മാർക്കറ്റിൽ 5080 ടൺ പഴം-പച്ചക്കറികളുമാണ് വിഎഫ്പിസികെ മുഖേന വിപണനം നടത്തിയിട്ടുള്ളത്.

ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും സംഭരിച്ച പഴം-പച്ചക്കറികളുടെ അളവ് ചുവടെ ചേർത്തിരിക്കുന്നു.

| | | |
|---|---|---|
| 2011- 12 | - | 4826 ടൺ |
| 2012-13 | - | 8614 ടൺ |
| 2013-14 | - | 10811 ടൺ |

**സെക്ഷൻ ഓഫീസർ**

**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1671 21/01/2014-ൽ മറുപടിയ്ക്ക്

## സമഗ്ര പച്ചക്കറി വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, കെ. അച്ചുതൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, കെ. ശിവദാസൻ നായർ | **ശ്രീ . കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത്. സംസ്ഥാനത്തെ പച്ചക്കറി കൃഷി സുസ്ഥിരമാക്കുക, സുരക്ഷിതമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുക, പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വീട്ടുവളപ്പിലും സ്ഥാപനങ്ങളുടെ വളപ്പിലുമുള്ള കൃഷി, നഗരങ്ങളിലും, മുനിസിപ്പാലിറ്റികളിലും ഗ്രോബാഗ് മുഖേനയുള്ള ടെറസ് പച്ചക്കറി കൃഷി, ക്ലസ്റ്ററുകൾ മുഖേനയുള്ള വാണിജ്യ കൃഷി, തരിശു നിലങ്ങളിലെ പച്ചക്കറി കൃഷി, പച്ചക്കറി ക്ലസ്റ്ററുകളുടെ ഗ്രേഡിംഗ് നടപ്പിലാക്കൽ, ക്ലസ്റ്ററുകളുടെ പച്ചക്കറികളുടെ വിപണനത്തിന് ബ്ലോക്കുതല ഫെഡറേറ്റ് ഓർഗനൈസേഷൻ രൂപീകരിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനത്തോട്ടം രൂപീകരിക്കൽ, തൈകളുടെ ഉല്പാദനത്തിന് നഴ്സറി സ്ഥാപിക്കൽ, കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം, മാധ്യമങ്ങൾ വഴിയുള്ള പച്ചക്കറി വിത്തു വിതരണം, വിത്തു വിതരണ യന്ത്രങ്ങൾ വഴിയുള്ള പച്ചക്കറി വിത്തു വിതരണം എന്നീ ഘടകങ്ങളാണ് ഈ പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) സംസ്ഥാന പച്ചക്കറിയുല്പാദനം വർദ്ധിപ്പിക്കുക, അതുവഴി പച്ചക്കറിയിൽ സ്വയം പര്യാപ്തത നേടുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. സംസ്ഥാനത്തൊട്ടാകെ ഈ വർഷം 20851 ഹെക്ടറിൽ അധികമായി പച്ചക്കറികൾ ചെയ്യാനും 252587 ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |

| | |
|---|---|
| സി) എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് നൽകുന്നത്; വിശദമാക്കുമോ? | സി) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. |

1. പുരയിടങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ കുട്ടികൾ മുഖേനയും, കൃഷി ഭവൻ മുഖേനയും 55 ലക്ഷം പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി നൽകിയിട്ടുണ്ട്. ഇതിനായി പച്ചക്കറി വികസന പദ്ധതിയിൽ നിന്ന് 500 ലക്ഷം രൂപയും ആർ.കെ.വി.വൈ പദ്ധതിയിൽ നിന്ന് 600 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.
2. മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി ചെടികളുടെ 25 ഗ്രോബാഗുകൾ അടങ്ങിയ 2000 രൂപയുടെ യൂണിറ്റ് 1500 രൂപ സബ്സിഡിയോടെ നൽകി വരുന്നു. ഈ വർഷം 28000 ഗ്രോബാഗുകൾ നൽകാനായി 420 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ 19743 യൂണിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. കഴിഞ്ഞ വർഷം നൽകിയ ഗ്രോബാഗുകളെ വീണ്ടും കൃഷി യോഗ്യമാക്കുന്നതിന് ആവർത്തന ചിലവായി 50 ലക്ഷം രൂപ നൽകിയിട്ടുണ്ട്.
3. 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഒരു വിദ്യാലയത്തിന് 4000 രൂപ നിരക്കിൽ 100 ലക്ഷം രൂപയും പ്രവർത്തന ചിലവായി 1000 രൂപ നിരക്കിൽ 40 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ജലസേചനത്തിന് 400 പമ്പ് സെറ്റുകൾ വാങ്ങുന്നതിനായി 40 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഇതുവരെ 212 പമ്പ് സെറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ പ്രോജക്ടടിസ്ഥാനത്തിൽപൊതു/സ്വകാര്യ സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 135 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഇതുവരെ 198 സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി തുടങ്ങിയിട്ടുണ്ട്.
4. പച്ചക്കറി ക്ലസ്റ്ററുകൾക്ക് കൃഷി ചെയ്യാനായി ഹെക്ടറിന് 15,000/- രൂപ നിരക്കിൽ സഹായം നൽകുന്നു. 5 ഹെക്ടർ വരുന്ന ക്ലസ്റ്ററിന് 75,000 രൂപ ധനസഹായം ലഭിക്കും. 2490 ക്ലസ്റ്ററുകൾക്കായി 1867.5 ലക്ഷം രുപ നൽകിയിട്ടുണ്ട്. ഇതുവരെ 1522 ക്ലസ്റ്ററുകൾ കൃഷി തുടങ്ങി കഴിഞ്ഞു. ക്ലസ്റ്ററുകളുടെ അടിസ്ഥാന ചിലവുകൾക്കായി 2100 ക്ലസ്റ്ററുകൾക്കായി 2000 രൂപ നിരക്കിൽ ആകെ

42 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ക്ലസ്റ്ററുകളിൽ നൂതനമായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 42 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

5. ക്ലസ്റ്ററുകൾക്ക് പമ്പ് സെറ്റ് വാങ്ങാൻ 50% സബ്സിഡി നിരക്കിൽ പരമാവധി 10,000/- രൂപ ധനസഹായമായി നൽകുന്നു. 1720 പമ്പ് സെറ്റുകൾ വാങ്ങുന്നതിന് 172 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതുവരെ 979 പമ്പ് സെറ്റുകൾ വാങ്ങിക്കഴിഞ്ഞു.

6. ക്ലസ്റ്ററുകൾക്ക് സസ്യ സംരക്ഷണ ഉപകരണങ്ങൾ വാങ്ങാനായി 50% സബ്സിഡി നിരക്കിൽ പരമാവധി 1,500/- രൂപ ധനസഹായം നൽകുന്നു. 1000 സസ്യ സംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിനായി 15 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതുവരെ 672 സസ്യ സംരക്ഷണ ഉപകരണങ്ങൾ നൽകിക്കഴിഞ്ഞു.

7. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഒന്ന്, രണ്ട്, മൂന്ന് എന്നീ സ്ഥാനങ്ങളിൽ എത്തുന്ന വിദ്യാർത്ഥി, വിദ്യാലയം, അധ്യാപകൻ, സ്ഥാപന മേധാവി, പൊതു/സ്വകാര്യ സ്ഥാപനങ്ങൾ, കർഷകൻ, ക്ലസ്റ്റർ, ഉദ്യോഗസ്ഥർ എന്നിവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്.

8. 1316 ഹെക്ടർ തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000/-രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ഇതിനായി 394.8 ലക്ഷം രൂപ നൽകുന്നു. ഇതുവരെ 327 ഹെക്ടർ തരിശുനിലത്തിൽ കൃഷി ഇറക്കിയിട്ടുണ്ട്.

9. കർഷകർക്ക് ആവശ്യാനുസരണം വിത്തുകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ 20 വിത്തു വിതരണ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ വെജിറ്റബിൾ &ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് നൽകിയിട്ടുണ്ട്.

10. എ ഗ്രേഡ് പച്ചക്കറി ക്ലസ്റ്ററുകൾക്ക് വികസന സഹായം നൽകുന്നതിനായി 630 ലക്ഷം രൂപ നൽകിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 100 ക്ലസ്റ്ററുകളുടെ വികസനത്തിനായാണ് ഈ തുക നൽകുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

11. സൂക്ഷ്മ മൂലകങ്ങൾ ഉപയോഗിച്ചുള്ള പ്രദർശനത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് 30 സെന്റ് വീതമുള്ള പ്രദർശനതോട്ടങ്ങൾക്ക് 12000 രൂപ ധനസഹായം നൽകുന്നു. ആകെ 450 പ്രദർശനത്തോട്ടങ്ങളാണ് നിർമ്മിക്കുന്നത്. 100 ലക്ഷം രൂപ നൽകിക്കഴിഞ്ഞു.

12. ക്ലസ്റ്ററുകളിലെ കർഷകർക്ക് ഉല്പന്നങ്ങളുടെ സംഭരണത്തിനും വില്പനയ്ക്കും സഹായം നൽകുന്നതിനായി ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ രൂപീകരിക്കുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമായി 200 ലക്ഷം രൂപ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 20 ബ്ലോക്കുകളിലായി ഇത്തരം ഓർഗനൈസേഷനുകൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.
13. ബ്ലോക്കുതലത്തിൽ ഹൈടെക് നഴ്സറികൾ (500 ചതുരശ്ര മീറ്റർ) സ്ഥാപിക്കുന്നതിനായി 75 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പത്തനംതിട്ട ഒഴികെയുള്ള മറ്റു ജില്ലകളിലായി 15 നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
14. കിഴങ്ങു വർഗ്ഗ വിളകളുടെ വികസനത്തിനായി 150 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ദേശീയ കിഴങ്ങുവിള ഗവേഷണ കേന്ദ്രം (സി.റ്റി.സി.ആർ.ഐ) മുഖേന മരച്ചീനി, കാച്ചിൽ, ചേന എന്നിവയുടെ വിത്തുകൾ നൽകാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. മലപ്പുറം കാസർഗോഡ്, പാലക്കാട്, കൊല്ലം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.
15. മാധ്യമങ്ങൾ മുഖേന പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിനായി കേരള വിത്തു വികസന അതോറിറ്റിയ്ക്ക് 100 ലക്ഷം രൂപ നൽകിയിട്ടുണ്ട്. മലയാള മനോരമ പ്രസിദ്ധീകരണങ്ങൾ വഴി 4 ലക്ഷം പച്ചക്കറി വിത്തു കിറ്റുകളും മാതൃഭൂമി വഴി 1 ലക്ഷം പച്ചക്കറി വിത്തു കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

Sushama

**സെക്ഷൻ ഓഫീസർ**

**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1672 21/01/2014-ൽ മറുപടിയ്ക്ക്

**ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറികളുടെയും കൃഷി വ്യാപകമാക്കുവാൻ നടപടി**

ചോദ്യം
ശ്രീ. പി. തിലോത്തമൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) ഭക്ഷ്യ വസ്തുക്കൾക്ക് അതിരൂക്ഷമായ വിലക്കയറ്റമുണ്ടാകുകയും മാരകമായ കീടനാശിനികൾ നിയന്ത്രണമില്ലാതെ ഉപയോഗിച്ച് കൃഷി ചെയ്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്ന് കേരളത്തിൽ കൂടിയവിലയ്ക്ക് പച്ചക്കറി വിൽക്കുകയും ചെയ്യുന്ന സാഹചര്യം പരിഗണിച്ച് കേരളത്തിൽ ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറികളുടെയും കൃഷി വ്യാപകമാക്കുവാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ ;

എ) ഭക്ഷ്യധാന്യങ്ങളിൽ പ്രധാനമായ നെൽകൃഷി വ്യാപകമാക്കുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

സുസ്തിര നെൽകൃഷി വികസനം, കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള മാക്രോ മാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി, നെല്ലു സംഭരണം, ചെറുകിട യന്ത്രവൽക്കരണത്തിനുള്ള പദ്ധതി, നെൽകൃഷിക്കുള്ള ഉൽപ്പാദന ബോണസ്, കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ്, തരിശുനില കൃഷി, പൊതു ഞാറ്റടി വടക്കാഞ്ചേരി മോഡൽ പദ്ധതി, സുഗന്ധ നെല്ലിന വികസന പദ്ധതി, കാർഷിക യന്ത്ര വൽക്കണം എന്നിവയും, സുസ്തിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ്, തരിശു നില കൃഷി, നെൽകൃഷിയ്ക്ക് ശേഷമുള്ള മറ്റു കൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയും, മാക്രോമാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡെമോൺസ്ട്രേഷൻ, ഉൽപാദന ഉപാദികളായ വിത്ത്, കുമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസെർ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണവും നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മിനി കിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും

നടപ്പിലാക്കുകയുണ്ടായി. കർഷകർക്ക് പൂരക വരുമാന സ്രോതസുകൾ പ്രോത്സാഹിപ്പിക്കുവാൻ സഹായം നൽകുന്ന പദ്ധതി, നെൽകൃഷി അഭിമുഖികരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽ വികസന ഏജൻസികൾക്ക് ഉള്ള ധനസഹായം എന്നിവയാണ്.

പച്ചക്കറികളുടെ കൃഷി വ്യാപകമാക്കുവാൻ സർക്കാർ കൈക്കൊണ്ട നടപടികളെ സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ വിവരിക്കുന്നവയാണ്.

1. പുരയിടങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ കുട്ടികൾ മുഖേനയും, കൃഷി ഭവൻ മുഖേനയും 55 ലക്ഷം പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി നൽകിയിട്ടുണ്ട്. ഇതിനായി പച്ചക്കറി വികസന പദ്ധതിയിൽ നിന്ന് 500 ലക്ഷം രൂപയും ആർ.കെ.വി.വൈ പദ്ധതിയിൽ നിന്ന് 600 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.
2. മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി ചെടികളുടെ 25 ഗ്രോബാഗുകൾ അടങ്ങിയ 2000 രൂപയുടെ യൂണിറ്റ് 1500 രൂപ സബ്സിഡിയോടെ നൽകി വരുന്നു. ഈ വർഷം 28000 ഗ്രോബാഗുകൾ നൽകാനായി 420 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ 19743 യൂണിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. കഴിഞ്ഞ വർഷം നൽകിയ ഗ്രോബാഗുകളെ വീണ്ടും കൃഷി യോഗ്യമാക്കുന്നതിന് ആവർത്തന ചിലവായി 50 ലക്ഷം രൂപ നൽകിയിട്ടുണ്ട്.
3. 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഒരു വിദ്യാലയത്തിന് 4000 രൂപ നിരക്കിൽ 100 ലക്ഷം രൂപയും പ്രവർത്തന ചിലവായി 1000 രൂപ നിരക്കിൽ 40 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ജലസേചനത്തിന് 400 പമ്പ് സെറ്റുകൾ വാങ്ങുന്നതിനായി 40 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഇതുവരെ 212 പമ്പ് സെറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ പ്രോജക്ടടിസ്ഥാനത്തിൽ പൊതു/സ്വകാര്യ സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 135 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഇതുവരെ 198 സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി തുടങ്ങിയിട്ടുണ്ട്.
4. പച്ചക്കറി ക്ലസ്റ്ററുകൾക്ക് കൃഷി ചെയ്യാനായി ഹെക്ടറിന് 15,000/- രൂപ നിരക്കിൽ സഹായം

നൽകുന്നു. 5 ഹെക്ടർ വരുന്ന ക്ലസ്റ്ററിന് 75,000 രൂപ ധനസഹായം ലഭിക്കും. 2490 ക്ലസ്റ്ററുകൾക്കായി 1867.5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതുവരെ 1522 ക്ലസ്റ്ററുകൾ കൃഷി തുടങ്ങി കഴിഞ്ഞു. ക്ലസ്റ്ററുകളുടെ അടിസ്ഥാന ചിലവുകൾക്കായി 2100 ക്ലസ്റ്ററുകൾക്കായി 2000 രൂപ നിരക്കിൽ ആകെ 42 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ക്ലസ്റ്ററുകളിൽ നൂതനമായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 42 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

5. ക്ലസ്റ്ററുകൾക്ക് പമ്പ് സെറ്റ് വാങ്ങാൻ 50% സബ്സിഡി നിരക്കിൽ പരമാവധി 10,000/- രൂപ ധനസഹായമായി നൽകുന്നു. 1720 പമ്പ് സെറ്റുകൾ വാങ്ങുന്നതിന് 172 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതുവരെ 979 പമ്പ് സെറ്റുകൾ വാങ്ങിക്കഴിഞ്ഞു.
6. ക്ലസ്റ്ററുകൾക്ക് സസ്യ സംരക്ഷണ ഉപകരണങ്ങൾ വാങ്ങാനായി 50% സബ്സിഡി നിരക്കിൽ പരമാവധി 1,500/- രൂപ ധനസഹായം നൽകുന്നു. 1000 സസ്യ സംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിനായി 15 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതുവരെ 672 സസ്യ സംരക്ഷണ ഉപകരണങ്ങൾ നൽകിക്കഴിഞ്ഞു.
7. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഒന്ന്, രണ്ട്, മൂന്ന് എന്നീ സ്ഥാ നങ്ങളിൽ എത്തുന്ന വിദ്യാർത്ഥി, വിദ്യാലയം, അധ്യാപകൻ, സ്ഥാപന മേധാവി, പൊതു/സ്വകാര്യ സ്ഥാപനങ്ങൾ, കർഷകൻ, ക്ലസ്റ്റർ, ഉദ്യോഗസ്ഥർ എന്നിവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്.
8. 1316 ഹെക്ടർ തരിശു ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000/-രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ഇതിനായി 394.8 ലക്ഷം രൂപ നൽകുന്നു. ഇതുവരെ 327 ഹെക്ടർ തരിശുനിലത്തിൽ കൃഷി ഇറക്കിയിട്ടുണ്ട്.
9. കർഷകർക്ക് ആവശ്യാനുസരണം വിത്തുകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ 20 വിത്തു വിതരണ യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് നൽകിയിട്ടുണ്ട്.
10. എ ഗ്രേഡ് പച്ചക്കറി ക്ലസ്റ്ററുകൾക്ക് വികസന സഹായം നൽകുന്നതിനായി 630 ലക്ഷം രൂപ നൽകിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 100 ക്ലസ്റ്ററുകളുടെ വികസനത്തിനായാണ് ഈ തുക നൽകുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾ

പുരോഗമിച്ചു വരുന്നു.

11. സൂക്ഷ്മ മൂലകങ്ങൾ ഉപയോഗിച്ചുള്ള പ്രദർശനത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് 30 സെന്റ് വീതമുള്ള പ്രദർശനതോട്ടങ്ങൾക്ക് 12000 രൂപ ധനസഹായം നൽകുന്നു. ആകെ 450 പ്രദർശനത്തോട്ടങ്ങളാണ് നിർമ്മിക്കുന്നത്. 100 ലക്ഷം രൂപ നൽകിക്കഴിഞ്ഞു.
12. ക്ലസ്റ്ററുകളിലെ കർഷകർക്ക് ഉല്പന്നങ്ങളുടെ സംഭരണത്തിനും വില്പനയ്ക്കും സഹായം നൽകുന്നതിനായി ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ രൂപീകരിക്കുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമായി 200 ലക്ഷം രൂപ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 20 ബ്ലോക്കുകളിലായി ഇത്തരം ഓർഗനൈസേഷനുകൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.
13. ബ്ലോക്കുതലത്തിൽ ഹൈടെക് നഴ്സറികൾ (500 ചതുരശ്ര മീറ്റർ) സ്ഥാപിക്കുന്നതിനായി 75 ലക്ഷം രൂപ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് 15 നഴ്സറികൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
14. കിഴങ്ങു വർഗ്ഗ വിളകളുടെ വികസനത്തിനായി 150 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ദേശീയ കിഴങ്ങുവിള ഗവേഷണ കേന്ദ്രം (സി.റ്റി.സി.ആർ.ഐ) മുഖേന മരച്ചീനി, കാച്ചിൽ, ചേന എന്നിവയുടെ വിത്തുകൾ നൽകാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. മലപ്പുറം കാസർഗോഡ്, പാലക്കാട്, കൊല്ലം എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.
15. മാധ്യമങ്ങൾ മുഖേന പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിനായി കേരള വിത്തു വികസന അതോറിറ്റിയ്ക്ക് 100 ലക്ഷം രൂപ നൽകിയിട്ടുണ്ട്. മലയാള മനോരമ പ്രസിദ്ധീകരണങ്ങൾ വഴി 4 ലക്ഷം പച്ചക്കറി വിത്തു കിറ്റുകളും മാതൃഭൂമി വഴി 1 ലക്ഷം പച്ചക്കറി വിത്തു കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

II. വയനാട് ജില്ലയിൽ പച്ചക്കറി കൃഷി വികസനത്തിനായി വയനാട് പാക്കേജ് പ്രകാരം 250 ലക്ഷം രൂപ ( വകയിരുത്തിയിട്ടുണ്ട്.

III. തരിശു രഹിത പഞ്ചായത്ത് എന്ന പദ്ധതി പ്രകാരം 934 ഹെക്ടർ സ്ഥലത്ത് വാഴ, കിഴങ്ങു വർഗ്ഗ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിനായി 347.2 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

| | |
|---|---|
| ബി) ഈ നടപടികൾ കൊണ്ട് കാർഷികോത്പന്നങ്ങൾ എത്ര മാത്രം കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞുഎന്ന് വ്യക്തമാക്കാമോ? | ബി) നെൽ കൃഷിയെ സംബന്ധിച്ച് നെല്ലുൽപ്പാദനത്തിൽ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്, 2010-2011 ൽ 522740 മെ.ടൺ ഉൽപ്പാദനം ആയിരുന്നത് 2011-2012 വർഷം 568993 മെ.ടൺ ഉയർന്നു. ആയതിനാൽ 2011-12 വർഷം മുൻ വർഷത്തേക്കാൾ 46253 മെ.ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തൊട്ടാകെ ഈ വർഷം 20851 ഹെക്ടറിൽ പച്ചക്കറികൾ ചെയ്യാനും അതുവഴി 252587 ടൺ പച്ചക്കറി അധികമായി ഉൽപാദിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇതുവരെ 13053 ഹെക്ടറിൽ കൃഷി ഇറക്കാനും ഉദ്ദേശം 92700 ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. ക്ലസ്റ്റർ, തരിശുനിലം കൃഷി എന്നിവയിൽ വിളവെടുപ്പു നടന്നു വരുന്നു. ഫെബ്രുവരി മാസത്തോടെ ഭൗതിക ലക്ഷ്യം പൂർത്തികരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1674 21/01/2014-ൽ മറുപടിയ്ക്ക്

**പൊന്നാനി മണ്ഡലത്തിലെ 'നിറവ്' പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | **ശ്രീ . കെ.പി.മോഹനൻ** (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) പൊന്നാനി മണ്ഡലത്തിലെ 'നിറവ്' പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | എ) പൊന്നാനി നിയോജക മണ്ഡലത്തിൽ സമഗ്ര കാർഷിക വികസനത്തിനായി തയ്യാറാക്കിയ 171.99 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് പ്രൊപ്പോസൽ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി പി.പി.എം സെല്ലിൽ സർപ്പിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കൃഷി വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയും എന്ന് വിശദമാക്കാമോ; | ബി) ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിന് ടി പദ്ധതി സ്റ്റേറ്റ് ലെവൽ സാങ്ങ്ഷനിംഗ് കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കണം. ഇതിനായിട്ടുള്ള നടപടികൾ പി.പി.എം സെല്ലിൽ ആണ് സ്വീകരിക്കുന്നത്. സ്റ്റേറ്റ് ലെവൽ സാങ്ങ്ഷനിംഗ് കമ്മിറ്റി അംഗീകരിച്ചതിനു ശേഷം മാത്രമേ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. |
| സി) 2013-14 വർഷത്തെ പ്രോജക്ടുകൾ മുഴുവൻ ഈ സാമ്പത്തിക വർഷം തന്നെ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | സി) 2013-14 സാമ്പത്തിക വർഷം സ്റ്റേറ്റ് ലെവൽ സാങ്ങ്ഷനിംഗ് കമ്മിറ്റി കൂടി പദ്ധതി അംഗീകരിച്ച് സർക്കാർ ഉത്തരവ് പ്രകാരം ഫണ്ട് റിലീസ് ചെയ്താൽ മാത്രമേ ഈ വർഷം പദ്ധതി നടപ്പിലാക്കുകയുള്ളു. |

**സെക്ഷൻ ഓഫീസർ**

**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1675 21/01/2014-ൽ മറുപടിയ്ക്ക്

**കുന്ദമംഗലം മണ്ഡലത്തിൽ 'നിറവ്' പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.റ്റി. എ. റഹീം | **ശ്രീ . കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'നിറവ്' പദ്ധതി ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) കോഴിക്കോട് ജില്ലയിൽ 2012-13 വർഷത്തിൽ ബാലുശ്ശേരി, പേരാമ്പ്ര, നാദാപുരം എന്നീ നിയോജക മണ്ഡലങ്ങളിലാണ് 'നിറവ്' പദ്ധതി നടപ്പിലാക്കുന്നത്. നടപ്പു വർഷം ഏലത്തൂർ, തിരുവമ്പാടി, വടകര, കുറ്റ്യാടി എന്നീ നിയോജക മണ്ഡലങ്ങളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നതാണ്. |
| ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ നടപ്പിൽ വരുത്തുന്ന പ്രവൃത്തികൾ വിശദമാക്കാമോ; | ബി) 2012-13 കൃഷി വകുപ്പ് 345 ഹെക്ടറിൽ നെൽകൃഷി ഊർജ്ജിതമാക്കാനുള്ള പദ്ധതിയും, ക്ലസ്റ്റർ അടിസ്ഥാനത്തിൽ 500 ഹെക്ടർ നാളികേര കൃഷിയും നിറവ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്നു.<br><br>കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിൽ നിറവ് പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പ് കിടാരി വളർത്തൽ പദ്ധതിയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി 13.6 ലക്ഷം രൂപ സഹായധനമായി നൽകിക്കൊണ്ട് 40 കിടാരിവളർത്തൽ യൂണിറ്റുകൾ നടപ്പിലാക്കുന്നു.<br><br>• വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം നിയോജകമണ്ഡലങ്ങളിലെ വീടുകളിൽ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചക്കറി വിത്ത് പായ്ക്കറ്റുകളുടെ വിതരണം, പച്ചക്കറി തൈകളുടെ വിതരണം, തരിശു ഭൂമിയിലേയ്ക്ക് പച്ചക്കറികൃഷി വ്യാപനം, കിഴങ്ങുവർഗ്ഗവിള കിറ്റുകളുടെ വിതരണം, ഫലവൃക്ഷത്തൈകളുടെ വിതരണം, ടിഷ്യൂക്കൾച്ചർ വാഴകളുടെ വിതരണം എന്നിവ നടത്തുകയുണ്ടായി<br><br>• ഉപഭോക്താക്കൾക്ക് ന്യായവിലയിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ ചില്ലറ വില്പനശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാദാപുരം, പേരാമ്പ്ര എന്നീ നിയോജക മണ്ഡലങ്ങളിൽ ചില്ലറ വില്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| സി) | കുന്ദമംഗലം നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1680 21/01/2014-ൽ മറുപടിയ്ക്ക്

## സമഗ്ര നാളീകേര വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | **ശ്രീ . കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | സമഗ്ര നാളീകേര വികസന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇളനീർ കേരളത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചിട്ടുണ്ടോ ; | എ) | 2012-13 വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ 19.03.2013 ന് ബഹു.ധനകാര്യ വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി നാളികേര കൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി ഇളനീരിനെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) | ഔദ്യോഗിക പാനീയമായി പ്രഖ്യാപിക്കുന്നതിലൂടെ എന്താണ് സർക്കാർ വിവക്ഷിക്കുന്നത്; | ബി) | നാളികേര കൃഷിയെ പ്രോത്സാഹിപ്പിക്കുക, നാളികേര കൃഷി ലാഭകരമാക്കുക എന്നതാണ് ഔദ്യോഗിക പാനീയമായി പ്രഖ്യാപിക്കുന്നതിലൂടെ സർക്കാർ വിവക്ഷിക്കുന്നത്. ഇതിന് പുറമെ ഇളനീർ ആരോഗ്യപരമായ പാനിയമാണെന്നുള്ളത് ഒരു വസ്തുതയാണ്. |
| സി) | ഈ പ്രഖ്യാപനത്തിനുശേഷം ഇളനീരിന്റെ ഉപയോഗം സാർവ്വത്രികമാക്കുന്നതിന് പ്രത്യേകമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നറിയിക്കുമോ ; | സി) | നാളികേരത്തിന്റെ വൈവിദ്ധ്യവത്ക്കരണവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും സംസ്ഥാനത്തൊട്ടാകെ 1000 ഇളനീർ പാർലറുകൾ തുടങ്ങുന്നതിനും **അതിൽ** 100 എണ്ണം ഉടനെ തന്നെ ആരംഭിക്കുന്നതിനും തീരുമാനം കൈക്കൊള്ളുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| ഡി) | ഇതര പാനീയങ്ങൾ പരമാവധി ഒഴിവാക്കി സർക്കാർ ചടങ്ങുകളിലെല്ലാം ഇളനീർ നൽകുന്നതിലൂടെ ഔദ്യോഗിക പാനീയം എന്ന നിലയിൽ പ്രത്യേക പ്രചരണ പരിപാടിക്ക് രൂപം കൊടുക്കാമോ; | ഡി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

ഇ) സർക്കാർ പ്രഖ്യാപനത്തിനു ശേഷം ഇളനീരിന്റെ ഉപയോഗം സാർവ്വത്രി- കമാക്കുന്നതിനുവേണ്ടി നാളിതുവരെ എത്ര രൂപ ചെലവിട്ടുവെന്നറിയി ക്കുമോ; ആയത് ഏതെല്ലാം ഇനത്തി ലാണെന്നും വിശദമാക്കാമോ?

ഇ) ബഹു.മുഖ്യ മന്ത്രിയുടെ യോഗതീരുമാന പ്രകാരം ഇളനീർ പാർലറുകൾ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം, കേരഫെഡ് എന്നീ ഏജൻസികളെ പങ്കെടുപ്പിച്ചു കൊണ്ട് കൃഷി ഡയറക്ടർ യോഗം ചേരുകയും ഒരു ഇളനീർ പാർലർ യൂണിറ്റ് സ്ഥാപിക്കുന്നതിന് 10000 രൂപ എന്ന നിരക്കിൽ 100 ഇളനീർ പാർലറുകൾ ആരംഭിക്കുന്നതിന് ആവശ്യമായ 10 ലക്ഷം രൂപ 2012-13ലെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്ന സംരംഭകർക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ നിന്നും കണ്ടെത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പഴം, പച്ചക്കറികൾ, സുഗന്ധ വ്യജ്ഞനങ്ങൾ എന്നീ വിളകളുടെ മൂല്യ വർദ്ധനവിനായി 425 ലക്ഷം രൂപ നൽകി സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രസ്തുത പദ്ധതിയിൽ നാളികേരം കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇളനീർ പാർലറിനായി 10 ലക്ഷം രൂപ കണ്ടെത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1683** **21/1/2014** ൽ മറുപടിയ്ക്ക്

# കൂമ്പുചീയൽ രോഗം മൂലം തെങ്ങ് കൃഷി നശിച്ച കർഷകർക്ക് നഷ്ട പരിഹാരം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ മലയോര പഞ്ചായത്തുകളിൽ കൂമ്പുചീയൽ രോഗം മൂലം തെങ്ങ് കൃഷി നശിച്ച കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നതിനു വേണ്ടി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ മലയോര പഞ്ചായത്തുകളിൽ കൂമ്പുചീയൽ രോഗം മൂലം തെങ്ങ് കൃഷി നശിച്ച കർഷകർക്ക് നഷ്ടപ്പെട്ട ഒരു തെങ്ങിന് 10000 രൂപ ക്രമത്തിലും രക്ഷപ്പെട്ട തെങ്ങിന് 3000 രൂപ ക്രമത്തിലും നഷ്ടപരിഹാരം നൽകണമെന്ന ഒരു പ്രൊപ്പോസൽ കണ്ണൂർ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ നിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ ഓരോ കർഷകർക്കും എത്ര വീതം തെങ്ങുകൾ കൂമ്പ് ചീയൽ രോഗം മൂലം നഷ്ടപ്പെട്ടിട്ടുണ്ട് എന്ന കണക്കുകൾ മരുന്ന് തളിക്ക് ശേഷം തയ്യാറാക്കുമ്പോൾ മാത്രമേ വ്യക്തമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. |
| (ബി) കർഷകർക്ക് നഷ്ട പരിഹാരം നൽകുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കൂമ്പ് ചീയൽ രോഗം മൂലം തെങ്ങുകൾ നശിച്ചിട്ടുള്ള കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1684** **21/1/2014** ൽ മറുപടിയ്ക്ക്

# തെങ്ങുകളുടെ കൂമ്പ് ചീയൽ രോഗം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് തെങ്ങുകൾക്ക് കൂമ്പ് ചീയൽ രോഗം വ്യാപകമാവുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) ഉണ്ട്. 2013 ജൂൺ മുതൽ ആഗസ്റ്റ് മാസം വരെ ഉണ്ടായ ശക്തമായ മഴ മൂലം കണ്ണൂർ,കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ തെങ്ങുകൾക്ക് വ്യാപകമായ കൂമ്പുചീയൽ രോഗം ബാധിക്കുകയുണ്ടായി. രോഗവ്യാപനം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ കൃഷി ശാസ്ത്രജ്ഞർ ഉൾപ്പെടെയുള്ള വിദഗ്ദ്ധസംഘം (MDDT) പ്രസ്തുത ജില്ലകളിലെ രോഗബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും രോഗം പടരുന്നത് തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശുപാർശ ചെയ്യുകയും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ |

പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. അത് പ്രകാരം മൂന്ന് ജില്ലകളിലുമായി 4,34,347 തെങ്ങുകളിൽ മരുന്ന് പ്രയോഗിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| കണ്ണൂർ | - | 2,17,251 | തെങ്ങ് |
| കോഴിക്കോട് | - | 1,64,460 | തെങ്ങ് |
| കാസർഗോഡ് | - | 52,636 | തെങ്ങ് |
| ആകെ | | 4,34,347 | |

ഒരു തെങ്ങിന് മരുന്നിന്റെ വിലയായി 10/- രൂപയും തെങ്ങിൽ കയറി മണ്ട വൃത്തിയാക്കി മരുന്ന് പ്രയോഗിക്കുന്ന തിനുള്ള ചെലവിനായി 50/- രൂപയും ചേർത്ത് 60/- രൂപ നിരക്കിൽ 260.6066 ലക്ഷം രൂപ കർഷകർക്ക് ചെലവായി. ഇതിൽ 30 ലക്ഷം രൂപ കേരഫെഡിൽ നിന്നും 20 ലക്ഷം രൂപ വിള ആരോഗ്യപരിപാലന പദ്ധതിയിൽ നിന്നും അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) കൂമ്പ് ചീയൽ മൂലം മുറിച്ചുമാറ്റേണ്ടി വന്ന തെങ്ങുകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(സി) കൂമ്പ് ചീയൽ രോഗം മൂലം തെങ്ങുകൾ നശിച്ചുള്ള കർഷകർക്ക് നഷ്ട പരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയില്ല.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1686 — 21.01.2014-ലെ മറുപടിയ്ക്ക്

## മാമം നാളികേര കോംപ്ലക്സ്

| ചോദ്യം<br>ശ്രീ. ബി. സത്യൻ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ)മാമം നാളികേര കോംപ്ലക്സ് പ്രവർത്തന സജ്ജമാക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) മാമം നാളികേര കോംപ്ലക്സ് സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ്. നാളികേര വികസന കോർപ്പറേഷൻ അടച്ചുപൂട്ടുവാൻ 1999-ൽ അന്നത്തെ സർക്കാർ തീരുമാനിച്ചിരുന്നു. കഴിഞ്ഞ 13 വർഷമായി മാമം നാളികേര കോംപ്ലക്സ് പ്രവർത്തന രഹിതമായിരുന്നു. നാളികേര കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടുകൂടി നാളികേര കോർപ്പറേഷൻ പുനരുദ്ധരിക്കുന്നകാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. മാമത്തും സമീപ പ്രദേശങ്ങളിലുമുള്ള ഉദ്ദേശം 200-ഓളം തൊഴിലാളികൾക്ക് കഴിഞ്ഞ സീസണിൽ (2013 മാർച്ച്-സെപ്റ്റംബർ) തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാരിന്റെ പച്ചത്തേങ്ങാ സംഭരണവുമായി ബന്ധപ്പെടുത്തി മാമം കോംപ്ലക്സിൽ തേങ്ങ സംസ്ക്കരിച്ച് കൊപ്രയാക്കുന്ന ജോലി നടത്തിയിരുന്നു.സീസൺ അവസാനിച്ചതിനാൽ താല്ക്കാലികമായി ഈ പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. |

| | |
|---|---|
| (ബി)ഇവിടെ കൃഷി വകുപ്പിന്റെ കീഴിൽ മറ്റെന്തെങ്കിലും പദ്ധതി തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ ? | (ബി) കോർപ്പറേഷൻ നടപ്പാക്കുന്നതൊഴികെ കൃഷി വകുപ്പിന്റെ കീഴിൽ മറ്റ് പദ്ധതികളൊന്നും നടപ്പാക്കാൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1688** **21/1/2014** ൽ മറുപടിയ്ക്ക്

# കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്ക് പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർക്കായി സംസ്ഥാന സർക്കാർ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) ഉണ്ട്. കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി സർക്കാർ 2010-11 ലെ ബജറ്റ് പ്രസംഗത്തിൽ 10 കോടി രൂപയുടെ അടയ്ക്കാ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. |
| (ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) ഇല്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം 2010-11 ലും തുടർന്നുള്ള വർഷങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. |
| (സി) പ്രസ്തുത പദ്ധതി പ്രവർത്തനം എന്നത്തേയ്ക്ക് തുടങ്ങുമെന്ന് അറിയിക്കാമോ ? | (സി) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി 37.15 കോടി രൂപയുടെ അടയ്ക്കാ പാക്കേജ് പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1689 — 21/1/2014 ൽ മറുപടിയ്ക്ക്

# കവുങ്ങ് കർഷകർക്കായി പ്രത്യേക ധനസഹായ പാക്കേജ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കവുങ്ങ് കർഷകർ ഉള്ളത് ഏത് ജില്ല യി ലാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ |
| (ബി) ഈ വർഷത്തെ അതിവർഷം മൂലം മഹാളി രോഗം പിടിപെട്ട് എത്ര രൂപ യുടെ നഷ്ടം കാസർഗോഡ് ജില്ലയിലെ കർഷകർക്ക് ഉണ്ടായിട്ടു ണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) എങ്കിൽ എത്ര രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശ ങ്ങൾ ലഭ്യമാക്കാമോ; | (സി) | കാസർഗോഡ് 10199 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിക്ക് മഹാളി രോഗം ബാധിച്ചതിനാൽ അടയ്ക്കയുടെ ഉല്പാദനത്തിലുണ്ടായ കുറവ് മൂലം 153 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. |
| (ഡി) നഷ്ടം സംഭവിച്ച് കടക്കെണിയിലായ കവുങ്ങ് കർഷകരെ സഹായിക്കുന്ന തിന് പ്രത്യേക ധനസഹായപാക്കേജ് അനുവദി ക്കുന്ന കാര്യം പരിഗണ നയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | ഇല്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ കവുങ്ങ് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും കവുങ്ങ് കർഷകർക്ക് ആശ്വാസമേകുന്നതിനുമായി 2013-14, 2014-15 വർഷങ്ങളിലേക്കായി 37.15 കോടി രൂപ അടങ്കൽ തുക വരുന്ന |

(പ്രതിവർഷം 18.575 ലക്ഷം വീതം) "അടയ്ക്കാ പാക്കേജ് പദ്ധതി" വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ആരോഗ്യമുള്ള കവുങ്ങ് മരങ്ങളുടെ വളപ്രയോഗവും പുനരുദ്ധാരണവും, രോഗം ബാധിച്ച് ഉല്പാദനക്ഷമത നശിച്ച കവുങ്ങുകൾ മുറിച്ച് മാറ്റി പുതിയ തൈകൾ നട്ട് പിടിപ്പിക്കൽ, മഹാളി, കൂമ്പ് ചീയൽ, മഞ്ഞളിപ്പ് തുടങ്ങിയ രോഗങ്ങൾക്കെതിരെ പ്രതിരോധ മരുന്ന് തളി, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ എന്നീ ഘടകങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

File N(c)-1689/4911/14/AD

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1690 — 21.01.2014 ൽ മറുപടിയ്ക്ക്

**അങ്കമാലി നിയോജകമണ്ഡലത്തിൽ കാർഷികാഭിവൃദ്ധിയ്ക്കായി പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

**(എ)** കാർഷിക മേഖലയിൽ മുൻപന്തിയിൽ നിൽക്കുന്ന അങ്കമാലി നിയോജക മണ്ഡലത്തിൽ കാർഷികാഭിവൃദ്ധിയ്ക്കായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

**(എ)** ഉണ്ട്.

**(ബി)** എങ്കിൽ പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നുംവിശദമാക്കാമോ ;

**(ബി)** അങ്കമാലി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നു.

| | പദ്ധതിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | കേരശ്രീ | 22.75 |
| 2 | പച്ചക്കറി വികസനം | 43.4305 |
| 3 | സുസ്ഥിര നെൽകൃഷി വികസനം | 8.883 |
| 4 | ആർ കെ വി വൈ (നെൽകൃഷി) | 11.25 |
| 5 | സുഗന്ധവിള കൃഷി വികസനം | 2.25 |
| 6 | വിള ആരോഗ്യ പരിപാലന പരിപാടി | 7.2921 |
| 7 | പ്രകൃതിക്ഷോഭ സഹായം | 24.18905 |
| 8 | ബയോഗ്യാസ് പദ്ധതി | 0.198 |
| | ആകെ | **120.24265** |

**(സി)** ഇല്ലെങ്കിൽ ഇതിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

**(സി)** ബാധകമല്ല.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

21.01.2014 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1692

# പുതുക്കാട് മണ്ഡലത്തിൽ ജൈവവൈവിധ്യ ഉദ്യാന പാർക്ക്

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പുതുക്കാട് മണ്ഡലത്തിൽ ജൈവവൈവിധ്യ ഉദ്യാന പാർക്ക് ആരംഭിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. എം.എൽ.എ.ഫണ്ട് ഉപയോഗിച്ച് പുതുക്കാട് മണ്ഡലത്തിൽ ജൈവവൈവിധ്യ ഉദ്യാന പാർക്കിന്റെ പ്രവർത്തനം ശ്രീ.രവീന്ദ്രനാഥ്, എം.എൽ.എ.യുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല ഈ പദ്ധതിയ്ക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പാർക്കിനെ സ്ഥിരമായി നിലനിർത്തുന്നതിന് ബന്ധപ്പെട്ട അധികൃതർക്ക് നിർദ്ദേശം നൽകുമോ; വിശദമാക്കാമോ? | (ബി) പാർക്ക് സ്ഥിരമായി നിലനിർത്തുന്നതിന് എം.എൽ.എ.യുടെ നേതൃത്വത്തിൽ അധികൃതർ തീരുമാനിച്ചാൽ കാർഷിക സർവ്വകലാശാല അതിനാവശ്യമായ സാങ്കേതിക സഹായങ്ങൾ തുടർന്നും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1693

21-01-2014 ൽ മറുപടിക്ക്

## പോളച്ചിറ ഏലായിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജി.എസ്. ജയലാൽ | | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നബാർഡ് പദ്ധതി പ്രകാരം പോളച്ചിറ ഏലായിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ നടപ്പാക്കി വരുന്നത് ; പ്രസ്തുത പദ്ധതിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചത്; | (എ) | 320 ലക്ഷം രൂപയാണ് പദ്ധതി ചെലവ്. 14-3-2011 നാണ് പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിനൽകിയത്. |
| (ബി) പ്രസ്തുത പദ്ധതികൾ ആരംഭിച്ചത് എന്നാണ് ; ജോലികൾ പൂർത്തീകരിക്കേണ്ടുന്ന സമയപരിധി എന്നാണ് അവസാനിക്കുന്നത്; | (ബി) | 21-12-2011 ൽ കൺവീനറുമായി കരാർ ഒപ്പുവച്ച് ഒക്ടോബർ 2012-ൽ പണി ആരംഭിച്ചു. 31-3-2014 ന് മുമ്പ് പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) നിലവിൽ എത്രത്തോളം നിർമ്മാണ ജോലികൾ ചെയ്തിട്ടുണ്ട്; ഇത് ആകെ പ്രവൃത്തികളുടെ എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രത്തോളം; | (സി) | 1. നടു തോടിന്റെ ആഴം കൂട്ടൽ (3230 മീറ്ററിൽ 2000 മീറ്റർ പൂർത്തിയായി)<br>2. സൈഡ് പ്രൊട്ടക്ഷൻ വാൾ (70% പൂർത്തിയായി)<br>3. കൾവർട്ട്സ് -4 എണ്ണത്തിൽ 3 എണ്ണം പൂർത്തിയായി<br>4. സ്ലൂയിസ് -2 എണ്ണത്തിൽ 2 എണ്ണവും പൂർത്തിയായി<br>5. പെട്ടി, പറയുടെ അറ്റകുറ്റ പണികൾ പൂർത്തിയായി.<br>6. കോൺക്രീറ്റ് സൈഡ് വാൾ നിർമ്മാണം പൂർത്തിയായി<br>ആകെ പ്രവൃത്തികളുടെ 50% പൂർത്തിയായി |

| | | |
|---|---|---|
| (ഡി) പ്രസ്തുത ജോലികളുമായി ബന്ധപ്പെട്ട് എത്ര തുകയുടെ ഭാഗിക ബിൽ കൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്; | (ഡി) | 50,80,000/- രൂപ (അമ്പത് ലക്ഷത്തി എൺപതിനായിരം രൂപ) |
| (ഇ) ശേഷിക്കുന്ന ജോലികൾ എന്തൊക്കെയാണ്; ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ;<br><br>(എഫ്) നിർമ്മാണ പ്രവർത്തനം തുടരുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ ആയത് എന്താണെന്നും, തടസ്സം നീക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ? | (ഇ) യും (എഫ്) ഉം | 1. നടു റോഡിന്റെ ആഴം കൂട്ടൽ (1230 മീറ്റർ ബാക്കി)<br>2. പുറം ബണ്ടിന്റെ പൊക്കം കൂട്ടൽ<br>3. തലച്ചിറയിൽ പുതിയ കുളം<br>4. സൈഡ് പ്രൊട്ടക്ഷൻ വാൾ 50% ബാക്കി<br>5. നടപ്പാലം -5 എണ്ണം<br>6. പുതിയ പെട്ടി, പറ, പുതിയ പമ്പ് ഹൗസ്<br>മേൽപ്പറഞ്ഞ പ്രവൃത്തികൾ 2014 മാർച്ച് 31 ന് മുമ്പ് പൂർത്തിയാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1695 — 21/1/2014 ൽ മറുപടിയ്ക്ക്

# റബർ കർഷകർ നേരിടുന്ന പ്രതിസന്ധികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, എ.കെ. ബാലൻ<br>,, കെ. സുരേഷ് കുറുപ്പ്<br>,, സാജു പോൾ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കുറഞ്ഞ തീരുവയിൽ വൻതോതിൽ റബ്ബർ ഇറക്കുമതി നടത്താൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിരിക്കുന്നതു മൂലം റബ്ബർ കൊണ്ടു മാത്രം ഉപജീവനം നടത്തുന്ന പന്ത്രണ്ട് ലക്ഷത്തോളം വരുന്ന ചെറുകിട റബ്ബർ കൃഷിക്കാർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) റബ്ബർ അധിഷ്ഠിത ഉല്പന്നങ്ങളുടെ വില ഗണ്യമായി വർദ്ധിച്ചു കൊണ്ടിരിക്കുമ്പോഴും അസംസ്കൃത റബ്ബറിന്റെ വില കുറയുന്നതിന്റെ കാരണം പരിഗണിച്ചിട്ടുണ്ടോ ; | (ബി) റബർ അധിഷ്ഠിത ഉല്പന്നങ്ങളുടെ വില അസംസ്കൃത റബ്ബറിന്റെ വിലയെ മാത്രം ആശ്രയിച്ചല്ല നിർണ്ണയിക്കപ്പെടുന്നത്. റബർ വില കുറയുന്നതിന്റെ പ്രധാനകാരണങ്ങൾ, ആഭ്യന്തര- അന്താരാഷ്ട്ര ആവശ്യകതയിലുണ്ടാകുന്ന വ്യതിയാനവും, അന്താരാഷ്ട്ര കമ്പോള വിലയിലുണ്ടാകുന്ന കുറവുമാണ്. |

| | | | |
|---|---|---|---|
| (സി) | 2011 മാർച്ചിൽ ഉണ്ടായിരുന്ന റബ്ബർവിലയും 2013 മാർച്ചിലെ വിലയും താരതമ്യം ചെയ്ത് വില യിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേരളത്തിൽ കർഷകർ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന ആർ എസ് എസ് 4 ഗ്രേഡ് റബ്ബറിന്റെ 2011 മാർച്ചിലെ ശരാശരി വില ക്വിന്റലിന് 24530 രൂപയായിരുന്നു. എന്നാൽ 2013 മാർച്ചിൽ പ്രസ്തുത വില ക്വിന്റലിന് 17784 രൂപയായി കുറഞ്ഞു. വിവിധ രാജ്യങ്ങളിലെ വ്യാവസായിക മാന്ദ്യവും (വാഹനവ്യവസായം ഉൾപ്പെടെ) സാമ്പത്തിക മാന്ദ്യവുമാണ് റബ്ബറിന്റെ അന്താരാഷ്ട്ര വിലത്തകർച്ചയ്ക്ക് പ്രധാനകാരണം. |
| (ഡി) | ഇതേ കാലയളവിലെ കൃഷിക്കാരന്റെ റബ്ബർ ഉല്പാദന ച്ചെലവും ഇപ്പോഴത്തെ ചെലവും തമ്മിലുള്ള വ്യത്യാസം വില യിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | റബ്ബർ കൃഷി ഉൾപ്പെടെ എല്ലാ കൃഷിയുടേയും ചെലവുകളിൽ പ്രസ്തുത കാലത്ത് നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വളത്തിന്റെ വില വർദ്ധനവും വർദ്ധിച്ച പണിക്കൂലിയുമാണ് കാർഷിക ഉല്പാദന- ച്ചെലവ് കൂടാനുള്ള പ്രധാന കാരണം. |
| (ഇ) | ഇത് സംബന്ധിച്ച കേന്ദ്ര ഗവൺമെന്റ് നയ ത്തിൽ മാറ്റം വരുത്താതിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിരി ക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ സാമ്പത്തികവർഷം കമ്പനികൾക്കാവശ്യ മായ റബ്ബർ ഇറക്കുമതി ചെയ്തതിനു ശേഷം മാത്രമാണ് തീരുവ അല്പം വർദ്ധിപ്പിച്ചതെന്ന കാര്യം സർക്കാരി- നറിയാമോ? | (ഇ) | കേന്ദ്രസർക്കാരിനോട് റബ്ബർ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുവാൻ ആവശ്യ- പ്പെട്ടിട്ടുണ്ട്. രാജ്യത്തെ നിലവിലുള്ള നിയമമനുസരിച്ച് കമ്പനികൾ ആഭ്യന്തര മാർക്കറ്റിൽ നിന്നും അന്താരാഷ്ട്ര മാർക്കറ്റിൽ നിന്നും റബ്ബർ വാങ്ങുന്നുണ്ട് |

സെക്ഷൻ ഓഫീസർ.

# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1697 — 21/1/2014 ൽ മറുപടിയ്ക്ക്

## റബ്ബർ ഉത്പാദനവും കമ്പോളവിലയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ശരാശരി എത്ര ടൺ റബ്ബർ പ്രതിവർഷം ഉല്പാദിപ്പിക്കുന്നതായി കണക്കാക്കുന്നു; കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷവും ഈ വർഷം നാളിതു വരെയും സംസ്ഥാനത്ത് ഉല്പാദിക്കപ്പെട്ട റബ്ബർ എത്ര ടൺ ആണെന്ന് വിശദമാക്കാമോ ; | (എ) സംസ്ഥാനത്ത് റബ്ബറിന്റെ ഉല്പാദനം 2010-11 ൽ 770580 മെട്രിക് ടണ്ണും 2011-12 ൽ 798890 മെട്രിക് ടണ്ണും 2012-13 ൽ 798940 മെട്രിക് ടണ്ണുമാണ്. 2013 ഏപ്രിൽ മുതൽ ഡിസംബർ വരെ ഉദ്ദേശം 6 ലക്ഷം ടൺ റബ്ബർ ഉല്പാദിപ്പിച്ചതായാണ് ഏകദേശ കണക്കുകൾ സൂചിപ്പിക്കുന്നത്. |
| (ബി) 2011 ഏപ്രിൽ 1 ന് ശേഷം നാളിതുവരെ റബ്ബറിന് ഏറ്റവും കൂടിയ വില കമ്പോളത്തിലുണ്ടായിരുന്നത് എപ്പോഴായിരുന്നു; വില എത്രയായിരുന്നു; ഇതേ കാലയളവിനുള്ളിൽ റബ്ബർ വില ഏറ്റവും കുറഞ്ഞ കാലയളവ് ഏതായിരുന്നു; കുറഞ്ഞ വില എത്രയായിരുന്നു; | (ബി) 2011 ഏപ്രിൽ 1 ന് ശേഷം നാളിതു വരെ ആർ എസ് എസ് - 4 റബ്ബറിന്റെ ഏറ്റവും ഉയർന്ന കമ്പോള വില (ക്വിന്റലിന് 23100 രൂപ) 2011 മേയ് മാസത്തിലായിരുന്നു. ഏറ്റവും കുറഞ്ഞ കമ്പോള വില (ക്വിന്റലിന് 15142 രൂപ) 2013 ഡിസംബർ മാസത്തിലായിരുന്നു. |

| | | | |
|---|---|---|---|
| (സി) | റബ്ബർ വിലയിടിവ് മൂലം കഴിഞ്ഞ മൂന്ന് വർഷം സംസ്ഥാനത്തിനും കൃഷി ക്കാർക്കും ഉണ്ടായ നഷ്ടം ശരാശരി എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്താമോ; | (സി) | കമ്പോളത്തിൽ റബ്ബർ വിലയിൽ ഓരോ ദിവസവും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതിനാൽ ഇത്തരത്തിലുള്ള കണക്കെടുക്കുന്നത് പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1700** | **21/1/2014** ൽ മറുപടിയ്ക്ക്

# റബ്ബർ വിലസ്ഥിരത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ആകെ എത്ര ഹെക്ടറിൽ റബ്ബർ കൃഷി ചെയ്യുന്നുണ്ട്; | (എ) കേരളത്തിൽ 5.45 ലക്ഷം ഹെക്ടറിൽ റബ്ബർ കൃഷി ചെയ്യുന്നുണ്ട്. (2012-13) |
| (ബി) പ്രതിവർഷ റബ്ബർ ഉത്പാദനം എത്രയാണ്; | (ബി) കേരളത്തിൽ സ്വാഭാവിക റബ്ബറിന്റെ ഉല്പാദനം 8.00 ലക്ഷം ടൺ ആണ്. (2012-13) |
| (സി) റബ്ബർ കർഷകർക്ക് കൃഷി വകുപ്പ് മുഖേന എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ ; | (സി) & (ഡി) കൃഷി വകുപ്പ് റബ്ബർ കർഷകർക്ക് ആനുകൂല്യം നൽകുന്നില്ല. |
| (ഡി) പ്രതിവർഷം ഇതിനായി എത്ര തുക ചെലവഴിക്കുന്നുണ്ട്; | |
| (ഇ) റബ്ബർ ബോർഡ് റബ്ബർ കർഷകർക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണു നടപ്പിലാക്കുന്നത്; | (ഇ) ഇന്ത്യയിൽ സ്വാഭാവിക റബ്ബറിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി പുതിയതായി കൃഷി വ്യാപിപ്പിക്കുക, ഉല്പാദനക്ഷമത കുറഞ്ഞ തോട്ടങ്ങളിൽ പുനർനടിയിൽ, ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് വേണ്ടി റബ്ബർ ബോർഡ് പദ്ധതികൾ ആവിഷ്കരിച്ച് |